# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 1 Reg NO.TNBIL/2016/70171 ISSUE - 12
DECEMBER 2017 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



**കർത്താവിൽ പ്രിയരെ,**

നിങ്ങൾക്കേവർക്കും കൃപയും സമാധാനവും. നാം 2017–ന്റെ അവസാനത്തിൽ വന്നെത്തിയിരിക്കുന്നു. ഇത്രയും മാസങ്ങളിൽ എത്രയോ പ്രശ്നങ്ങളുടെ മധ്യത്തിലും കൈപിടിച്ച് നടത്തിയ കർത്താവിനെ സ്തുതിക്കാം.

2018–ലേക്കു പ്രവേശിക്കാനിരിക്കുന്ന നമുക്ക് ഒരു ഒരുക്കം (Preparation) ആവശ്യമാണ്. ദൈവം തന്റെ ജനമായ യിസ്രായേലിനെ വാഗ്ദത്ത ഭൂമിയിൽ (കനാൻ) എത്തിച്ചു. മുന്നോട്ടു പോകാൻ ശ്രമിക്കുമ്പോൾ അതാ യെരിഹോ മതിൽ കാണുന്നു. യെരിഹോ മതിൽ തകർക്കുക എന്നത് മനുഷ്യന് അസാധ്യമാണ്. ആ അവസരത്തിൽ ദൈവം ഇടപെട്ടു. ഇടപെടുന്നതിന് മുമ്പ് ദൈവം കല്പിച്ചത് "നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുവിൻ" (യോശുവ 3:5) എന്നതാണ്. ഇതു തന്നെയാണ് ഇപ്പോൾ നിങ്ങളോടും നല്കുന്ന കല്പന. നമ്മുടെ ദൈവത്തിന്റെ ഏതു പ്രവർത്തികളും വ്യവസ്ഥികൾക്കനുസരിച്ചാണ് – "ഞാൻ പറയുന്നത് നിങ്ങൾ കേട്ടാൽ, നിങ്ങൾ പറയുന്നത് ഞാൻ കേൾക്കും."

**നമ്മുടെ ദൈവത്തിന് പ്രധാനം വിശുദ്ധിയാണ്.** ആ വിശുദ്ധി നമ്മുടെ സർവ്വമേഖലകളിലും ഉണ്ടാകണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. "ഇന്ന് നിങ്ങൾ വെടിപ്പാകുക; നാളെ യെരിഹോ വീണു, ഞാൻ ജയം നല്കും എന്നാണ് കല്പിച്ചത്. ഈ വർഷാന്ത്യത്തിൽ വന്നിരിക്കുന്ന നാമോരുത്തരും ഈ കർത്തൃകല്പനയെ നടപ്പിലാക്കാം. "വചനത്തിന് മുമ്പിൽ വിറയ്ക്കുന്നവനെ ഞാൻ കടാക്ഷിക്കും" എന്ന് കർത്താവ് കല്പിച്ചിട്ടുണ്ട്.

വരുന്ന പുതിയ വർഷം തോൽവികളെല്ലാം ജയമാകാനും; ദുഃഖം സന്തോഷമാകാനും; കടഭാരങ്ങൾ മാറാനും; കോപവും നിരാശയും സ്തുതി സ്തോത്രങ്ങളാകാനും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ ഏവരെയും സഹായിക്കട്ടെ!

# DECEMBER 2017

2017–ൽ ദൈവം എന്നെ കൊണ്ടുപോയ എല്ലാ സ്ഥലങ്ങളിലെ ദേശങ്ങളും ശുശ്രൂഷകളും ഏറെ അനുഗ്രഹകരമായിരുന്നു. എന്നെയും എന്റെ ശുശ്രൂഷകളെയും, പ്രാർത്ഥനയാലും കൂട്ടായ്മയാലും സഹായിച്ച ഏവർക്കും കർത്തൃനാമത്തിൽ നന്ദി.


കർത്തൃശുശ്രൂഷയിൽ
**Dr.Pushparaj**

# SRI LANKA MINISTRIES

## ANGLICAN CHURCH (KENDEY)




**2017 നവംബർ 8 മുതൽ 12 വരെ ശ്രീലങ്കയിലെ ഗണ്ടി ക്രൈസ്റ്റ് ചർച്ചിൽ കൺവെൻഷൻ യോഗങ്ങൾ നന്നായി നടന്നു. യോഗങ്ങൾക്കു Fr.Berananthna അദ്ധ്യക്ഷം വഹിച്ചു.**



# ലോകം

- Dr. തിയോഡർ വില്യംസ്

"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല." (1 യോഹ 2:15). "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം യേശുവിനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹ 3:16). ഈ രണ്ട് വചനങ്ങളിലും 'ലോകം' എന്ന പദം നമുക്ക് കാണുവാൻ കഴിയും. തിരുവെഴുത്തുകളിൽ കാണുന്ന 'ലോകം' എന്ന പദത്തിന്റെ വിവിധ അർത്ഥങ്ങളെ നമുക്കു നോക്കാം.

**1. ദൈവം സൃഷ്ടിച്ച ലോകം**

"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു" (ഉല്പത്തി 1:31). "ആരും മനുഷ്യരിൽ പ്രശംസിക്കരുത്; സകലവും നിങ്ങൾക്കുള്ളതല്ലോ....ലോകമോ, ജീവനോ, മരണമോ, ഇപ്പോഴുള്ളതോ, വരുവാനുള്ളതോ സകലവും നിങ്ങൾക്കുള്ളത്. നിങ്ങളോ ക്രിസ്തുവിനുള്ളവർ. ക്രിസ്തു ദൈവത്തിനുള്ളവൻ (1 കൊരി 3:21–23).

ഈ രണ്ട് വചനങ്ങളിൽ നിന്നും ലോകം എന്നത് ദൈവത്തിന്റെ സൃഷ്ടികളിൽ ഒന്ന് എന്ന് മനസ്സിലാക്കാം. താൻ സൃഷ്ടിച്ച ഈ ലോകം/ഭൂമി എത്രയും നല്ലത് എന്ന് ദൈവം തന്നെ പറയുന്നു. ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചത് മനുഷ്യർക്കായിട്ടാണ്. സൃഷ്ടിച്ച നാളിൽ നല്ലതു എന്നു പറഞ്ഞ ദൈവം ഇന്നുവരെ തന്റെ വാക്കു മാറ്റിയിട്ടില്ല. അതിനാൽ ഇപ്പോഴും ഭൂമി നല്ലതു തന്നെ. ഈ ലോകത്തെ വെറുത്ത്, ഉപേക്ഷിച്ച് ഓടുന്നതിലൂടെ ഒരുവന് ദൈവസാമീപ്യമോ, സമാഗമമോ ലഭിക്കുന്നില്ല. ഏതളവിൽ ദൈവം ഈ ഭൂമിയെ/മണ്ണിനെ നമുക്കു നല്കിയിരിക്കുന്നുവോ ആ അളവിൽ പ്രയോജനപ്പെടുത്തി ഇവിടം വിട്ട് വിണ്ണിലേക്കു കടന്നുപോകണം.

**2. ജനങ്ങൾ നിറഞ്ഞ ലോകം**

ലോകം എന്ന പദത്തിന് "ജനങ്ങൾ നിറഞ്ഞ (പ്രദേശം/പ്രകൃതി) എന്നതാണ് രണ്ടാമത്തെ അർത്ഥം. ആൺ–പെൺ, പല ജനതകൾ, വിഭാഗങ്ങൾ, നാടുകൾ, ഭാഷകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ നിറഞ്ഞതാണ് ഈ ലോകം. വൈരുദ്ധ്യങ്ങൾ ഏറെയുണ്ടെങ്കിലും ഈ ജനതയെ രക്ഷിക്കുവാനാണ് വാഴ്ത്തപ്പെട്ട കർത്താവ് വന്നത്. അതിനാൽ നാം ഈ ലോകത്തെ/ജനതയെ അവരുടെ രക്ഷയ്ക്കായി ഏറെ സ്നേഹിക്കണം. ഈ അർത്ഥത്തിലാണ് യോഹ 3:16 ൽ "ലോകം" എന്ന പദം പ്രയോഗിച്ചിരിക്കുന്നത്.

**3. ചിന്താധാരകൾ നിറഞ്ഞ രീതികൾ നിറഞ്ഞ ലോകം**

ദൈവഇഷ്ടത്തിനും ഹിതത്തിനും വിപരീതമായി ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യരുടെ രീതിയെ "ലോകം" എന്ന പദംകൊണ്ട് മൂന്നാമത് അർത്ഥമാക്കുന്നു. മനുഷ്യർ ജന്മനാ ദൈവത്തോട് എതിർത്തു നില്ക്കുന്നവരും, കലഹിക്കുന്നവരും സ്വന്തവഴിക

ളിൽ നടക്കുന്നവരുമാണ്. അങ്ങനെ ദൈവേഷ്ടത്തിന് വിരോധമായി പ്രവർത്തിക്കുന്ന ജനങ്ങളുടെ കൂട്ടമാണ് ഈ ലോകം.

"ഈ ഭൂമി ദൈവം സൃഷ്ടിച്ചു; അതിനാൽ ഇവിടെയുള്ള എല്ലാം നമുക്കനുഭവിച്ചുകൂടേ?" എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. അതിന് ഉത്തരവും കണ്ടെത്തണം. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഭക്ഷണരീതികൾ, ജീവിതശൈലികൾ, ഭാഷകൾ, പഠനം, തൊഴിലുകൾ, ആഗ്രഹങ്ങൾ, സ്ഥാനങ്ങൾ, മാനങ്ങൾ, കല, സാഹിത്യം, അഭിരുചികൾ, താമസം, ബന്ധങ്ങൾ തുടങ്ങി എല്ലാം നമുക്കുള്ളതല്ലേ?

നില്ക്കൂ, നിങ്ങൾക്കു ഉത്തരം നല്കാം. ഉത്തരം നിങ്ങൾക്കു ലഭിക്കുന്നതിന് മുമ്പ് ഒരു കാര്യം നിങ്ങളറിഞ്ഞിരിക്കണം. ഈ ഭൂമിയിലെ ആദിമനിവാസികൾ നിങ്ങളല്ല (മനുഷ്യരല്ല). **ദൈവം മനുഷ്യരെ ഈ ഭൂമിയിലെ മണ്ണുകൊണ്ട് സൃഷ്ടിക്കുന്നതിന് മുമ്പ് തന്നെ ഒരു കൂട്ടംപേർ ഇവിടെ താമസം തുടങ്ങിയിരുന്നു.** അവരുടെ വിവരണം യെശയ്യാ പ്രവചനം 14:6–17 വരെയുള്ള വാക്യങ്ങളിലും, യെഹസ്കേൽ പ്രവചനം 28:11–19 വരെയുള്ള വാക്യങ്ങളിലും കാണാം.

മനുഷ്യന്റെ അവിശ്വാസവും അനുസരണക്കേടും നിമിത്തം മേല്ക്കൊടുത്തിട്ടുള്ള ജീവികളെ വിശ്വസിക്കുകയും തങ്ങളെ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. തന്മൂലം ദൈവത്തിന് അടിമകളായിരിക്കേണ്ട (യഥാർത്ഥ സ്വാതന്ത്ര്യം എന്നത് ആ അവസ്ഥയാണ്) മനുഷ്യൻ ഇന്ന് ഈ ലോകത്തിന്റെ ദൈവത്തിന് (2 കൊരി 4:4, എഫെ 6:10–12) അടിമകളാണ്. അടിമകൾക്കു സ്വാതന്ത്ര്യമില്ല, മാത്രമല്ല യജമാനന്റെ ആജ്ഞകളും ചിന്തകളും എപ്പോഴും നിറവേറ്റിക്കൊണ്ടിരിക്കണം. അതുപോലെയാണ് മനുഷ്യരും അവർ തങ്ങളുടെ യജമാനനായ "ഈ ലോകത്തിന്റെ ദൈവത്തിനിഷ്ടമായ" കാര്യങ്ങൾ സദാപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ ലോകത്തിന്റെ ദൈവം സ്വർഗ്ഗസ്ഥനായ ദൈവവുമായി നിരന്തരം പോരാട്ടത്തിലാണ്. ഈ പോരാട്ടത്തിന് യോദ്ധാക്കളുമായി ഈ ലോകദൈവം അണിനിരത്തുന്നത് മനുഷ്യരെയാണ്. അങ്ങനെ മനുഷ്യർ തങ്ങൾ അറിയാതെ തന്നെ ദൈവം സൃഷ്ടിച്ച എല്ലാറ്റിനെയും തങ്ങളുടെയും, ഈ ലോകദൈവത്തിന്റെയും ഇഷ്ടത്തിനായി നിറവേറ്റിക്കൊണ്ടിരിക്കുന്നു.

ഉദാഹരണമായി സംഗീതം തന്നെ എടുക്കുക. സംഗീതം ദൈവത്തിന്റെ വരദാനമാണ്. സംഗീതത്തിന്റെ ഉത്പത്തിയും ഉറവിടവും സ്വർഗ്ഗമാണ് (യെഹ 28:13). എന്നാലിന്ന് ആത്മീയ ആയുധങ്ങളേക്കാൾ ഈ ലോകദൈവത്തെയും തന്റെ അനുചരന്മാരെയും വാഴ്ത്താനും, പുഴുവായ മനുഷ്യനെ മഹത്വവൽക്കരിക്കാനും, മാംസനിബദ്ധമായ കാമപൂർത്തീകരണത്തിനുമായിട്ടല്ലേ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സംഗീതം, കലാസാഹിത്യ പരിപാടികളിൽ വിശ്വാസികൾക്കു പങ്കെടുക്കാനാകുമോ? പാപത്തിന്റെയും ഈ ലോകദൈവത്തിന്റെയും സാന്നിദ്ധ്യവും അംശവുമുള്ള യാതൊന്നിലും വിശ്വാസികൾ പങ്കുചേരരുത്, പങ്കാളികളാകരുത്. മാത്രമല്ല, ഈ വക കാര്യങ്ങളിൽ നിന്നൊഴിഞ്ഞ് വേണ്ടി വന്നാൽ ഓടണം (2 കൊരി 6:14–17).

ഈയൊരു സാഹചര്യം ഈ ഭൂമിയിൽ നിലനില്ക്കുന്നതുകൊണ്ടാണ് "ലോകത്തെയും (പാപത്തെയും) ലോകത്തിലുള്ളതിനെയും (ഈ ലോക ദൈവത്തെയും) സ്നേഹിക്കരുത്" എന്ന കർത്താവ് കല്പിച്ചത് (1 യോഹ 2:15).

ചെറുതോ വലുതോ ഏതു കാര്യമായാലും മനുഷ്യൻ തന്റെ വഴി ഉണ്ടാക്കിവച്ചിരിക്കു

കയാണ്. ഈ മനുഷ്യനിർമ്മിത വഴിയാകട്ടെ പാപത്തിന്റെയും ഈ ലോക ദൈവത്തിന്റെയും പൂമ്പൊടിയേറ്റ് അലങ്കരിച്ചവയാണ്. ഇവിടെ വിശ്വസിക്കുന്ന വിവേചനാധർമ്മം ഏറെ ആവശ്യ മാണ്. ഏതാണ് ശരി ഏതാണ് തെറ്റ് എന്നറിയാൻ വിശ്വാസിയെ (മനുഷ്യരെ അഥവാ വീണ്ടും ജനിക്കാത്തവരെ അല്ല) സഹായിക്കുന്നത് ദൈവത്തിന്റെ തിരുവചനമാണ് (സങ്കീ 119:105).

ലോകമനുഷ്യരുടെ വഴികളെയും ചെയ്തികളെയും പിൻതുടരുമ്പോൾ ദൈവത്തെ പിന്നി ലാക്കി പാപത്തെയും, ഈ ലോക ദൈവത്തെയും മുന്നിലാക്കുകയുമാണ് ചെയ്യുന്നത്. അങ്ങ നെയുള്ള വ്യക്തിയിൽ ദൈവമോ, ദൈവസ്നേഹമോ ഇല്ല. ഇവിടെ ചിന്തിക്കേണ്ട കാര്യം: നാം ദൈവവഴിയിൽ നടക്കുവാനോ; ദൈവേഷ്ടം നിറവേറ്റുവാനോ ആഗ്രഹിച്ചാൽ പോലും പാപവും പാപികളും (നമ്മുടെ ചുറ്റുമുള്ള ജനങ്ങളും അവരുടെ വ്യവസ്ഥിതിയും) ഈ ലോക ദൈവവും നമ്മെ അതിന് അനുവദിക്കില്ല. ഇത്രയും ശക്തിയുള്ള പാപത്തിന്റെ ഒഴുക്കുള്ളതുകൊണ്ടാണ് നമ്മുടെ കർത്താവ് പറഞ്ഞത്: “ഈ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്ക രുത്.”

ലോകത്തിന്റെയും പാപത്തിന്റെയും ഓളങ്ങൾ അനുദിനവും അനുനിമിഷവും നമ്മെ ആഞ്ഞടിക്കും എന്നതുകൊണ്ടാണ് കർത്താവ് കല്പിച്ചത് : “നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം.” (മർക്കൊ 12:30).

ഒരു ദൈവപൈതലിന് ദൈവേഷ്ടത്തിന് എതിരായി ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്യുന്ന ഈ ലോകജനങ്ങളെയും, വ്യവസ്ഥിതിയെയും ദൈവത്തേയും ഒരുമിച്ച് സ്നേഹി ക്കാനാവില്ല രണ്ടു വഴികളും വേണം എന്നുള്ളവർ രണ്ടുകൊണ്ടും എപ്പോഴും ഞെരുങ്ങും. ദൈവത്തിന് ഒന്നാംസ്ഥാനം നല്കണം എന്നു തീരുമാനിച്ചാൽ ലോകത്തെ കൂടെ കൂട്ടാനാകി ല്ല. ഇന്ന് അനേകം പേർക്ക് ദൈവവേഷ്ടം അറിയണം, ചെയ്യണം എന്നുണ്ട്. പക്ഷേ മനസ്സും ചിന്തയും മുഴുവൻ ലോകഇഷ്ടങ്ങളെയും, മോഹങ്ങളുമാണ്. ഇങ്ങനെയുള്ളവർക്ക് ഒരിക്കലും ദൈവേഷ്ടം അറിയുവാൻ കഴിയില്ല. അതുകൊണ്ടാണ് ദൈവം കല്പിക്കുന്നത് : “ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്.”

**4. ലോകവും ജീവിതചര്യകളും**

1 യോഹ 2:16 ലും “ലോകം” എന്ന പദം നാം കാണുന്നു. ഈ ലോകം – ദൈവം സൃഷ്ടിച്ച ലോകമോ, ജനങ്ങൾ നിറഞ്ഞ ലോകമോ അല്ല മറിച്ച് വ്യത്യസ്ത ചിന്താധാരകൾ മനുഷ്യമനസ്സിനെ എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ്. ചുരുക്കത്തിൽ ഓരോ മനുഷ്യന്റെയും മനസ്സാകുന്ന പ്രപഞ്ചം അഥവാ ലോകമാണ്. ഈ ആശയം നല്കുന്ന വചനം നമുക്കു നോക്കാം :

“ജഡമോഹം (മാംസദാഹം), കൺമോഹം (കാമാസക്തമായ കണ്ണുകൾ), ജീവനത്തിന്റെ പ്രതാപം (ജീവിതത്തിന്റെ അഹന്ത) ഇങ്ങനെ ലോകത്തിനുള്ളത് എല്ലാ പിതാവിൽ നിന്നല്ല; ലോകത്തിൽ നിന്നത്രേ ആകുന്നു.” വചനം വളരെ വ്യക്തമാണ്. ഓരോ മനുഷ്യമനസ്സും അവന്റെ സ്വന്തം ആഗ്രഹസന്തോഷപൂർത്തിക്കുവേണ്ടി ഒരു ലോകം സൃഷ്ടിച്ചിരിക്കുന്നു. ആ ലോക ത്തിൽ മൂന്ന് കാര്യങ്ങളുണ്ട്. അവ : ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നി വയാണ്. ഈ മൂന്നും മനുഷ്യനെ അധമനിലയിലേയ്ക്കു അധഃപതനത്തിലേയ്ക്കും അധമപാ താളത്തിലേയ്ക്കും നയിക്കുന്നവയാണ്.

മനുഷ്യവർഗ്ഗത്തിന്റെ മാതാമഹിയായ ഹവ്വയെയും (ഉല്പത്തി 3:4–6) സ്ത്രീയുടെ സന്തതിയും ലോകരക്ഷിതാവുമായ യേശുക്രിസ്തുവിനെയും (ലൂക്കൊ 4:2–12) സാത്താൻ പരീക്ഷിച്ചത് ഈ മൂന്ന് മാർഗ്ഗത്തിലൂടെയായിരുന്നു.

ഉല്പത്തി 3:6 ൽ "ആ വൃക്ഷഫലം തിന്മാൻ നല്ലത് എന്നു പറഞ്ഞാൽ ജഡമോഹത്തെയും, കാണ്മാൻ ഭംഗിയുള്ളത് എന്ന് പറഞ്ഞാൽ അത് കൺമോഹത്തെയും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു പറഞ്ഞാൽ അത് ജീവനത്തിന്റെ പ്രതാപത്തെയും ചൂണ്ടിക്കാണിക്കുന്നു.

അതുപോലെ സാത്താൻ ക്രിസ്തുവിനോട് **കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞത് ജഡമോഹത്തെയും, സകലരാജ്യങ്ങളെയും ക്ഷണനേരത്തിൽ കാണിച്ചത് കൺമോഹത്തെയും ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്ന് താഴോട്ട് ചാടുവാൻ പറഞ്ഞത്** ജീവനത്തിന്റെ പ്രതാപത്തെയും കാണിക്കുന്നു. ഇന്നും സാത്താൻ ഈ മൂന്ന് പരീക്ഷകൾ മൂലമാണ് മനുഷ്യരെ ചതിക്കുഴിയിൽ വീഴ്ത്തുന്നത്.

മനുഷ്യനിലുള്ള അടിസ്ഥാനവികാരങ്ങളെല്ലാം ദൈവദത്തമാകയാൽ അത് അതിൽത്തന്നെ തിന്മയല്ല. എന്നാൽ മനുഷ്യനെ തിന്മയിലേക്കു നയിക്കുവാൻ സാത്താൻ അവയെ ഉപയോഗപ്പെടുത്തുന്നു എന്നു മാത്രം. ദൈവികപ്രമാണത്തിന് വിരുദ്ധമായി മനുഷ്യൻ അവ ഉപയോഗിക്കുമ്പോൾ അത് പാപമായി പരിണമിക്കുന്നു. ഭക്ഷണപാനീയങ്ങൾ, ആഡംബരങ്ങൾ, ലൈംഗികവികാരങ്ങൾ ഇവയെല്ലാം അങ്ങനെ തിന്മയായി പരിണമിക്കാവുന്നതാണ്. മനുഷ്യനെ തിന്മയിലേക്കു നയിക്കുന്ന 3 കാര്യങ്ങളാണ്. അവ ഓരോന്നായി നോക്കാം :

**1. ജഡമോഹം :** ജഡം എന്ന പദം ശരീരത്തെ മാത്രം സൂചിപ്പിക്കുന്ന പദമല്ല. ശരീരത്തെയും ശരീരത്തെ നിയന്ത്രിക്കുന്ന പാപവ്യവസ്ഥിതിയെയും ചേർത്ത് സൂചിപ്പിക്കുന്ന പദമാണ്. സൃഷ്ടിയിൽ ശരീരം പാപമയം ആയിരുന്നില്ല. എന്നാൽ അനുസരണക്കേടിലൂടെ മനുഷ്യൻ സ്വയം പാപത്തിന് വിധേയനായപ്പോൾ അവന്റെ ശരീരവ്യവസ്ഥ പാപപ്രകൃതിയുള്ളതായിത്തീർന്നു. പാപപ്രകൃതിയുള്ളതുകൊണ്ടാണ് പരീക്ഷകൻ കെണികളായിത്തീരുന്നത്. പരീക്ഷകളിൽ തോൽവി പെട്ടെന്ന് സംഭവിക്കുന്നത് ഈയൊരു അവസ്ഥയിൽ നിന്ന് കരകയറുവാനാണ് പലരും പലവിധങ്ങളിൽ ശരീരത്തെ ദണ്ഡിപ്പിക്കുന്നത്. പക്ഷേ ഈ വക പ്രവൃത്തികൾ വചനാനുസരണം അല്ല.

നമ്മുടെ ശരീരം പാപം അല്ല. ഇത് ദൈവം നമുക്കു നല്കിയ സമ്മാനമാണ്. ദൈവം വസിക്കുവാനും ദൈവനാമ മഹത്വത്തിനും അനേകം പേർക്ക് നന്മകൾ ചെയ്യുവാനുമാണ് ശരീരം നല്കയിത്. ഈ ശരീരത്തെ പാപപ്രവർത്തികൾക്കോ, ദൈവതിരുനാമ മഹത്വത്തിനോ ഉപയോഗിക്കാം. രണ്ടും നമ്മുടെ കയ്യിൽത്തന്നെയാണ് ഉള്ളത്. പൊതുവേ പാപത്തിനും, പാപത്തിന്റെ താല്ക്കാലിക ഭോഗസുഖങ്ങൾക്കും വേണ്ടി ശരീരത്തെ ഉപയോഗിക്കാനാണ് മനുഷ്യന് ഇഷ്ടം.

ഒന്നാം ആദാമിന്റെ മക്കളായ നമുക്ക് നമ്മിൽത്തന്നെ ശരീരംകൊണ്ട് നന്മ തെരഞ്ഞെടുക്കുവാനോ, പ്രവർത്തിക്കുവാനോ കഴിയുകയില്ല. വീണ്ടും ജനനവും പരിശുദ്ധാത്മനിറവും ദൈവവചനസാന്നിദ്ധ്യവും ദൈവമക്കളുടെ കൂട്ടായ്മയുമാണ് പാപപ്രവൃത്തികളിൽ നിന്ന് നമ്മെ അകറ്റുന്നത്. ഇത്രയും കാര്യങ്ങൾ കുറയുമ്പോൾ പാപം ഒരുവനെ കീഴ്പ്പെടുത്തുന്നു. അവന്റെ ചിന്തകൾ പാപമയവും വിഷലിപ്തവുമാകുന്നു.

ശരീരത്തിന്റെ എല്ലാം വികാരങ്ങളും അതിൽത്തന്നെ പാപമെന്ന് കരുതരുത്. വിശപ്പ്, ദാഹം, ഉറക്കം, മൈഥുനം തുടങ്ങിയവയൊക്കെ ശരീരത്തിന്റെയും ഈ പ്രപഞ്ചത്തിന്റെയും നിലനില്പിന് അത്യന്താപേക്ഷിതമാണ്. പക്ഷേ, ഈ അടിസ്ഥാനവികാരങ്ങൾക്ക് എങ്ങനെ ശമനം നേടുന്നു എന്നതിലാണ് പാപവും, പുണ്യവും, ശരിയും, തെറ്റും അടങ്ങിയിട്ടുള്ളത്. ഇവ ശരിരായ രീയിൽ അനുഭവിക്കുവാനും, ആസ്വദിക്കുവാനും, നേടുവാനും പ്രകൃതിയിൽത്തന്നെ ദൈവം വഴികൾ ഒരുക്കിയിട്ടുണ്ട്. പക്ഷേ ആഗ്രഹസായൂജ്യത്തിന് തെറ്റായ, കുറുക്കുവഴികളാണ് മനുഷ്യൻ തെരഞ്ഞെടുക്കുന്നത്. ആ തെരഞ്ഞെടുപ്പാണ് അധമ–വികാരങ്ങളും, ചിന്തകളും നല്കിയ തെറ്റായ വഴികളിൽ നയിക്കുന്നത്. ഇവിടെ ശരീരം പാപമയമായിത്തീരുന്നു; ദൈവത്തിന് ശത്രുവായിത്തീരുന്നു.

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ജഡമോഹം എത്രയോ തുടർച്ചയായിരിക്കുന്നു. ലോകത്തിന്റെ സ്നേഹത്തിലേയ്ക്ക് അത് നമ്മെ മാടിവിളിക്കുന്നു. ദൈവത്തെയും അവിടുത്തെ സ്നേഹത്തെയും വഴികളെയും മനസ്സിലാക്കാനാകാത്ത വിധം ജഡമോഹം നമ്മെ ആത്മീയ കുരുടന്മാരാക്കിത്തീർക്കുന്നു. എത്രയോ താല്പര്യത്തോടും ഉത്സാഹത്തോടും ക്രിസ്തീയ ജീവിതവും ശുശ്രൂഷയും ആരംഭിച്ച അനേകർ പാതിവഴിയിൽ വീണുപോകുന്നു; പട്ടുപോകുന്നു. അനുനിമിഷവും പരിശുദ്ധാത്മനിറവിന് വചനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവമക്കളുടെ നിരന്തര സഹവാസത്തിലൂടെയും ഏല്പിച്ചു കൊടുക്കാതിരുന്നാൽ പാപം നമ്മുടെ ശരീരങ്ങളെ നിയന്ത്രിക്കും; ഭരിക്കും! അതിനാൽ ആഗ്രഹങ്ങൾക്കു കടിഞ്ഞാണിടാൻ നമ്മുടെ സമർപ്പണം വളരെ ആവശ്യമാണ്.

**2. കൺമോഹം :** മനുഷ്യശരീരത്തെ തിന്മയിലേക്കു നയിക്കുന്ന രണ്ടാമത്തെ ഘടകം കൺമോഹം അത്രേ. ജഡമോഹത്തിനും കൺമോഹത്തിനും തമ്മിൽ വ്യത്യാസം ഉണ്ട്. കാണുന്ന കാഴ്ചകളിൽ ഒറ്റമാത്രയിൽ അവ നന്മയോ തിന്മയോ എന്ന് കണ്ണ് അന്വേഷിക്കാറില്ല. കാഴ്ചയ്ക്കു കൊള്ളാം എന്ന് തോന്നുന്ന എന്തും നല്ലത് എന്നതാണ് ആദ്യമാത്രയിൽ കണ്ണ് നല്കുന്ന ഉത്തരം. കാണുന്നതെന്തും നല്ലതു എന്ന തോന്നലിനെ കൺമോഹം എന്ന് പറയുന്നു.

കാണുന്നതെന്തും സ്വന്തമാക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ നിങ്ങൾക്കു കൺമോഹമുണ്ട്. കുഞ്ഞുങ്ങളാണ് കടകളിൽ കാണുന്നതെല്ലാം വേണമെന്ന് വാശിപിടിക്കുന്നത്. അതുപോലെ ആത്മീയ ശിശുക്കളും കാണുന്നതെല്ലാം വേണമെന്ന് ആഗ്രഹിക്കുക; വാശിപിടിക്കും. ശിശുക്കൾ തങ്ങളുടെ നിഴലിനെ പിടിച്ചുതരാൻ കരയാറുണ്ടല്ലോ? അതുപോലെ അതുവേണം ഇതുവേണം എന്ന് പ്രാർത്ഥനയിൽ വാശിപിടിക്കുകയും; കരയുകയും ചെയ്യുന്നത് ശിശുസഹജമായ കാര്യമത്രേ! ഇതാണ് കൺമോഹം.

കണ്ണിന് ഇഷ്ടപ്പെടുന്നതല്ല; മറിച്ച് കണ്ണിനിഷ്ടപ്പെടുന്ന ഏത് കാര്യങ്ങളെയും “ദൈവമേ അങ്ങ് ഇതിനെക്കുറിച്ച് എന്താഗ്രഹിക്കുന്നു” എന്ന ചോദിക്കാൻ കഴിയുമ്പോഴാണ് നാം ആത്മീയ പക്വതയിലെത്തി എന്ന് കാണിക്കുന്നത്.

**3. ജീവനത്തിന്റെ പ്രതാപം :** ജീവൻ ശരീരത്തിൽ നിലനില്ക്കുന്നതുവരെ നടക്കുന്ന പ്രവൃത്തികളാണ് ജീവനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ദൈവം നല്കിയ ജീവൻ വച്ച് രണ്ടു കാര്യങ്ങൾ ചെയ്യാവുന്നതാണ്. (1) ഈ ലോകം തന്നെ അവസാനം എന്ന് തീരുമാനമെടുത്ത് ഭൂരിപക്ഷം മനുഷ്യരെപ്പോലെ ജീവിക്കാം. (2) ഈ ലോകജീവിതം നിത്യതയിലേയ്ക്കുള്ള

വാതിൽ എന്ന് മനസ്സിലാക്കി മരണാനന്തര ജീവിതത്തിനായി ഒരുങ്ങാം. ദുഃഖകരമെന്ന് പറയട്ടെ! മനുഷ്യരിൽ ഭൂരിപക്ഷവും ഒന്നാമത്തെ വഴിയാണ് തെരഞ്ഞെടുക്കുന്നത്. അതിന് കാരണമുണ്ട്. ആ കാരണം എഫെ 2:1–3 വരെയുള്ള വാക്യങ്ങളിൽ കാണാം.

"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ, ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനേയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുകൊണ്ട് മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു."

ഈ വചനങ്ങളിൽ മൂന്ന് കാര്യങ്ങൾ പരിശുദ്ധാത്മാവ് ചൂണ്ടിക്കാണിക്കുന്നു. അവ : (1) ജീവനം/ജീവിതം (2) ലോകം (3) പിശാച് എന്നിവയാണത്.

**(1) ജീവനം/ജീവിതം :** രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയുടെ ഈലോക ജീവിതം ദൈവമുമ്പാകെ അതിക്രമം, പാപം, ജഡമോഹങ്ങൾ, മനോവികാരങ്ങൾക്കനുസരിച്ച ജീവിതം എന്നിവ നിറഞ്ഞതാണ്.

**(2) ലോകം :** ഈ ലോകത്തിന് ഒരു 'ഗതി' യുണ്ട്. അത് ദൈവത്തിനെതിരായ വഴിയാണ്, ചിട്ടയാണ്. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സമ്പ്രദായങ്ങൾ, സംസ്കാരം, വേഷം, ഭാഷ, ഭക്ഷണം, ചിന്താഗതികൾ തുടങ്ങിയ എല്ലാറ്റിലും ഈ 'ഗതി' യുടെ പ്രവാഹമുണ്ട്.

**(3) പിശാച് :** പിശാച് തന്റെ ഇംഗിതങ്ങളെ ലോകം, ജീവനം എന്നിവയിലൂടെ വ്യക്തികളിൽ നടപ്പിലാക്കുന്നു.

ഇങ്ങനെ മനുഷ്യർ ബന്ധനസ്ഥരാണ്. കർത്താവായ യേശുക്രിസ്തുവിന് മാത്രമേ ഈ ബന്ധനത്തിൽ മനുഷ്യരെ വിടുവിക്കാൻ കഴിയൂ. ഈ ബന്ധനത്തിൽ കഴിയുന്ന മനുഷ്യരുടെ മനസ്സ്/ജീവിതം **മൃതാവസ്ഥയിലാണ്/മൃഗാവസ്ഥയിലാണ്.** മൃഗത്തിന് ഭാവിയെക്കുറിച്ച് ഒന്നും അറിയാത്തതുപോലെ ഇവിടത്തേക്കു മാത്രം ജീവിക്കുന്ന മനുഷ്യന് തന്നിൽത്തന്നെ ഗർവ്വിച്ച് അഹങ്കരിച്ച് നടക്കുന്നു. ഈ ഗർവ്വുള്ളവർ ലോകത്തിനും, പിശാചിനും അടിമകളാണ്.

മറ്റുള്ളവർ എന്നെ പ്രശംസിക്കണം, മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഞാൻ വലിയ ആളായിരിക്കണം. ലോകം എന്തൊക്കെ വലുതായി കാണുന്നുവോ ആ കൂട്ടത്തിൽ എന്നെയും കാണണം എന്ന ചിന്തയാണ് ജീവനത്തിന്റെ പ്രതാപം. ഉയർന്ന ഡിഗ്രികൾ ഉള്ളവരെ ലോകം പുകഴ്ത്തുന്നു. ആ പുകഴ്ത്തൽ എനിക്കാവശ്യം എന്ന് കരുതി ഞാൻ പഠിക്കുമ്പോൾ, ഡിഗ്രികൾ നേടുമ്പോൾ എന്നിൽ ജീവനത്തിന്റെ പ്രതാപം വന്നുകഴിഞ്ഞു. വലിയ വീടും, കാറും, ബംഗ്ലാവുമാണ് സമൂഹത്തിൽ അന്തസ്സിന്റെ മാനദണ്ഡങ്ങൾ അതിനാൽ എനിക്കും അവ വേണമെന്ന് കരുതി അതിനായി അദ്ധ്വാനിക്കുകയും, അവ പണിയുകയും ചെയ്താൽ അതിൽ ജീവനത്തിന്റെ പ്രതാപമുണ്ട്. പഠിത്തം തെറ്റല്ല. സ്വത്തും, വീടുകളും കൈവശം വയ്ക്കുന്നത് തെറ്റല്ല. ദൈവഹിതത്തിനനുസരണമായി നാം സ്വീകരിക്കുന്നതു വരെ ഇവകളൊന്നും തെറ്റല്ല. ചുരുക്കത്തിൽ ദൈവത്തിന് സ്ഥാനം നല്കാതെ സ്വന്തഇഷ്ടത്തിൽ നേടുന്നതെന്തും ജീവനത്തിന്റെ പ്രാതപങ്ങളാണ്.

"പണവും സമ്പത്തും എനിക്കു ധൈര്യം നല്കുന്നു; ബന്ധുജനങ്ങളും, ചാർച്ചക്കാരും, സ്നേഹിതരും എനിക്കു ശക്തി പകരുന്നു" എന്നതാണ് ലോകത്തിന്റെ ചിന്ത. എന്നാൽ

"കർത്താവ് എന്റെ ശക്തി, ബലം" എന്ന് ചിന്തിക്കാൻ കഴിഞ്ഞാൽ അവിടെ ആത്മീയത തുടങ്ങുന്നു. അതില്ലാത്തിടത്തൊക്കെ ജീവനത്തിന്റെ പ്രതാപങ്ങളുണ്ട്.

**ലോകവും മോഹങ്ങളും :** "ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു (മാറിപ്പോകുന്നു). ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവനോ (പ്രവർത്തിക്കുന്നവനോ) എന്നേക്കും ഇരിക്കുന്നു (നിലനില്ക്കുന്നു)." (1 യോഹ 2:17).

നാം ജീവിക്കുന്ന ഈ ലോകത്തിന് അതിന്റേതായ ആഗ്രഹങ്ങളും, ലക്ഷ്യങ്ങളും, മോഹങ്ങളുമുണ്ട് എന്ന് നാം കണ്ടു. ഈ ലോകം മാറിപ്പോകുന്നതാണ്; തീയിൽ നശിക്കുവാൻ ഒരുങ്ങിയിരിക്കുന്നതാണ്. ഈ ലോകത്തിൽ ആശവച്ച് ഇതിന്റെ പിന്നാലെ പോകുന്നവന്റെ സ്ഥിതിയും ഇതുപോലെയാകും. നിങ്ങൾക്കു ഒരു തീരുമാനം എടുക്കാനുള്ള സമയം ഇതാണ്. നിങ്ങൾ ലോകത്തെ സ്നേഹിക്കുന്നുവോ അതോ ലോകത്തെ കമനീയമായി കടഞ്ഞെടുത്ത ദൈവത്തെ സ്നേഹിക്കുന്നുവോ? ഈ ലോകത്തിന്റെ വഴികളാണോ അതോ ദൈവവഴികളാണോ നിങ്ങൾക്ക് ഇഷ്ടം? തീരുമാനം നിങ്ങളുടേത് ആണ്!

നിങ്ങളുടെ തീരുമാനം അനുസരിച്ച് നിങ്ങളുടെ ജീവിതവും, അനുഗ്രഹങ്ങളും, ഭാവിയും തീരുമാനിക്കപ്പെടും! നല്ല തീരുമാനം സ്വീകരിക്കുവാൻ അതിൽ തുടരുവാൻ ദൈവം സഹായിക്കട്ടെ!

ഒരു സംഭവചരിത്രം പറഞ്ഞ് ഈ ലേഖനം അവസാനിപ്പിക്കാം. **ഡേവിഡ് ലിവിംഗ്സ്റ്റൺ** എന്ന മിഷനറിയെ നിങ്ങൾ കേട്ടിരിക്കും. അദ്ദേഹത്തിന്റെ ചരമശുശ്രൂഷ ഇംഗ്ലണ്ടിലെ പ്രസിദ്ധമായ വെസ്റ്റ് മിൻസ്റ്റർ ആബി ചാപ്പലിൽ വച്ച് നടക്കുകയായിരുന്നു. ജനക്കൂട്ടമാകെ അവിടെ തിങ്ങിനിറഞ്ഞു നില്ക്കുന്നു. എല്ലാ കണ്ണുകളും ഈറനണിഞ്ഞു നില്ക്കുന്നു. കൂട്ടത്തിലൊരാൾ ഏങ്ങലടിച്ച് നിലവിളിക്കുന്നു. ജനങ്ങളുടെ ശ്രദ്ധ അവിടെയായി. ആ വ്യക്തിയെ സമാധാനിപ്പിക്കാൻ ശ്രമിച്ച് ഇപ്രകാരം ചോദിച്ചു : "അങ്ങ് ഡേവിഡ് ലിവിംഗ്സ്റ്റന്റെ കൂടെപ്പിറപ്പോ ബന്ധുവോ ആണോ? ഇത്ര ഹൃദയഭേദകമായ രംഗം സൃഷ്ടിക്കാനുള്ള കാരണമെന്താണ്?"

ആ വ്യക്തി വിങ്ങിവിങ്ങി ഇപ്രകാരം പറഞ്ഞു : "ഞാനും ലിവിംഗ്സ്റ്റണും അയൽപക്കക്കാരും സഹപാഠികളുമാണ്. ഏതു നേരത്തും ഉത്സാഹത്തോടും ഉണർവ്വോടും ലിവിംഗ്സ്റ്റൺ കാണപ്പെടും. സമയം കിട്ടുമ്പോഴൊക്കെ തന്റെ കയ്യിലെ പുസ്തകം ആദരപൂർവ്വം വായിക്കുകയും കണ്ണടച്ച് ചിന്തിക്കുകയും ചെയ്യുമായിരുന്നു. നീ ഇങ്ങനെ എപ്പോഴും പഠിച്ച് ചിന്തിച്ച് എന്തു ചെയ്യാൻ പോകുന്നു എന്ന് ചോദിച്ചു? അതിനു മറുപടിയായി ഞാൻ പഠിച്ച് ബിരുദങ്ങൾ നേടി എന്റെ കർത്താവിനായി ഒരു ഡോക്ടറാകും. എന്റെ സേവനം ഒരു മിഷനറിയായി കർത്താവിന് നല്കും' ഇത് പറഞ്ഞപ്പോൾത്തന്നെ 'നീ ഒരു ഭ്രാന്തൻ, നിനക്കു ജീവിക്കാനറിയില്ലല്ലോ' എന്നു പറഞ്ഞ് ചിരിച്ചു പരിഹസിച്ചു.

കാലങ്ങൾ കടന്നുപോയി. ഞങ്ങൾ രണ്ടുപേരും രണ്ടു വഴിക്കായി. ഈ ലോകത്തിലെ ശ്രേഷ്ഠമായ കാര്യങ്ങൾ ഞാൻ തെരഞ്ഞെടുത്ത് അതിനായി അദ്ധ്വാനിച്ചു; ജീവിച്ചു. ജീവനത്തിന്റെ പ്രതാപത്തിന്റെ ആൾരൂപമായി ഞാൻ മാറി. പക്ഷേ നാളുകൾ കഴിഞ്ഞപ്പോൾ അസ്വസ്ഥത കൂടി വന്നു. ജീവിതം സന്തോഷവും സമാധാനവും ഇല്ലാത്തതായി മാറി. മദ്യപാനം എന്റെ ജീവിതശൈലിയായി. എന്റെ സമ്പത്ത് ശോഷിച്ചു വന്നു. ഉറ്റവരും ഉടയവരും എന്നെ വെറുത്തു. ക്രമേണ അവർ അകന്നു; കൈവിട്ടു. ഇന്നു ഞാൻ നിരാശയുടെ പടുകുഴിയിലാണ്. എന്നെ ആർ സഹായിക്കും? എന്നെ ആര് രക്ഷിക്കും? അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ലിവിം

ഗ്സ്റ്റൺ എത്രയോ ധന്യൻ! അവൻ അവന്റെ ജീവിതം പൂർണ്ണമാക്കി, അതു നേടി. അവൻ ഭ്രാന്തനായിരുന്നില്ല; ചിത്തഭ്രമം ബാധിച്ചവനുമല്ല! അവനെപ്പോലെ ആകാൻ എനിക്കു കഴിഞ്ഞില്ലല്ലോ? എന്റെ ജീവിതം ഞാൻ തകർത്തല്ലോ! ദൈവമേ ഒരവസരം ഈ വൈകിയ വേളയിൽ എനിക്കു തരുമോ? എന്നെ രക്ഷിക്കുമോ? ഇനി നല്കിയാൽ ഈ ജീവിതം, ഈ എന്നെ സ്വീകരിക്കുമോ? തുടങ്ങി അനേകം വാക്കുകളാൽ വിലപിച്ചു.

ശുശ്രൂഷ മദ്ധ്യേയുള്ള വചനശുശ്രൂഷ തന്നെ തൊട്ടു. താൻ കർത്താവിന് തന്നെ സമർപ്പിച്ചു. ആശ്വാസം അപ്പോൾ നേടി. ലിവിംഗ്സ്റ്റൺ പ്രവർത്തിച്ച ആ മിഷൻ പ്രദേശത്ത് അതിന്റെ പിൻതുടർച്ച പണികൾക്കു മേൽനോട്ടം വഹിക്കാൻ തീരുമാനമെടുത്തു. ഈ തീരുമാനത്തിൽ വീടടക്കം ആനന്ദിച്ചു. ഇങ്ങനെ ഈ വ്യക്തികളുടെ മാനസാന്തരത്തിനായി വീട്ടുകാർ പ്രാർത്ഥിക്കുകയായിരുന്നു. കുടുംബമായി അവർ താമസിയാതെ മിഷൻ പ്രദേശത്തേയ്ക്കു കടന്നുപോയി!

"നമുക്കു നാമേ പണിവതു
നാകം നരകവുമതുപോലെ" – ഉള്ളൂർ

"ഒരു മനുഷ്യൻ സർവ്വലോകവും നേടീടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?" (മത്തായി 16:26).

"തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും (നഷ്ടപ്പെടുത്തുന്നു) ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ (വെറുക്കുന്നവൻ) അതിനെ നിത്യജീവനായി സൂക്ഷിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ (സേവിക്കുന്നവൻ) എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു (എവിടെ ആയിരിക്കുന്നുവോ അവിടെ) എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും (ആദരിക്കും)." (യോഹ 12:25,26).

## The Infuence of a Mother

Her children ariseup and call her blessed. proverb 31:28

Only God Himself fully appreciats the influence of a Christian Mother in the molding of character in her children. Someone has said "like mother. like children" most of the noble characters and fine Leaders of history have a good God fearing mothers. We are told that George Washinton's mother was pious, and that Sir Walter Scott's mother was a lover of poetry and music. On the other hand, we are told that Nero's mother was a murderess and that the dissolute Lord Byron's mother was a proud and violent woman. They influence of the mother upon the lives of her children cannot be measured, They know and absorb her example and attitudes when it comes to question of honesty, temperence, kindness and industry,

*prayer : Thankyou, Lord, for mothers who love you. Their influence is felt around the world.*

# ദൈവപുത്രന്മാരും മനുഷ്യസ്ത്രീകളും

ഭൂതശാസ്ത്രത്തിലെ ഒരു പ്രഹേളിയാണ് ഉത്പത്തി 6:4–ലെ ദൈവപുത്രന്മാർ. ഭൂമിയിൽ മനുഷ്യർ പെരുകി. ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ വിവാഹം കഴിച്ചു ഉത്പ 6:4. ഈ ദൈവപുത്രന്മാരും, മനുഷ്യപുത്രിമാരും ആരെന്നതിനെക്കുറിച്ചു പ്രധാനമായി മൂന്നഭിപ്രായമുണ്ട്. ദൈവപുത്രന്മാർ : പ്രഭുപുത്രന്മാരോ, ദൂതന്മാരോ, ശേത്തിന്റെ സന്തതിയോ (ഭക്തിയുള്ള പുരുഷന്മാർ) ആണ്. മനുഷ്യപുത്രിമാർ : നീചകുലജാതകളോ, സാധാരണ മനുഷ്യപുത്രിമാരോ, കയീന്റെ സന്തതിയോ (അഭക്തകൾ) ആണ്. യാഥാസ്ഥിതിക റബ്ബിമാരാണു ഒന്നാമത്തെ അഭിപ്രായത്തിന്റെ വക്താക്കൾ. ഉന്നതകുലജാതന്മാരാണു ദൈവപുത്രന്മാർ. നീചകുലസ്ത്രീകളാണു മനുഷ്യപുത്രിമാർ. ഭാഷാപ്രയോഗം അനുകൂലിക്കാത്തതുകൊണ്ടും തിരുവെഴുത്തുകളുടെ പിൻബലം ഇല്ലാത്തതുകൊണ്ടും ഈ വാദം അപ്രസക്തമായിത്തീർന്നു.

ദൈവപുത്രന്മാർ ദൂതന്മാരാണ്. വീഴ്ച സംഭവിച്ച് ദൂതന്മാരാണു ദൈവപുത്രന്മാർ. ഇവർ താത്ക്കാലികമായി മനുഷ്യരൂപം സ്വീകരിച്ചു മനുഷ്യസ്ത്രീകളോടു സഹവസിച്ചു. ഈ മിശ്രവിവാഹത്തിൽ നിന്നുണ്ടായവരാണു മല്ലന്മാർ. ഈ ചിന്താഗതിക്കനുകൂലമായ വാദമുഖങ്ങൾ.

ഉത്പത്തി 6 നു വെളിയിൽ ദൈവപുത്രന്മാർ എന്ന പ്രയോഗം ദൈവദൂതന്മാരെക്കുറിക്കുവാൻ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഇയ്യോ 1:6, 2:1, 38:7, ആവ 14:1, യെശ 43:6, ഹോശെ 1:10, 11:1 എന്നിവിടങ്ങളിൽ ബെനേ എലോഹീം എന്നല്ല പ്രയോഗം. ദൂതന്മാരെ കുറിക്കുന്നത് എലോഹീം, ബെനേ എലോഹീം, ബെനെ എലിം എന്നിങ്ങനെ പ്രയോഗിച്ചിട്ടുണ്ട്. അവർ ഒരു പ്രത്യേക വിഭാഗം വീരസത്ത്വങ്ങളാണ്. അതിനാൽ ഇവിടെയും ദൂതന്മാരായി കണക്കാക്കുകയാണ് ശരി.

സന്ദർഭത്തിൽ നിന്നും ദൈവപുത്രന്മാരുടെയും മനുഷ്യപുത്രിമാരുടെയും സഹവാസം അസ്വഭാവികവും അസാധാരണവും എന്നു വ്യക്തമാകുന്നു. ജലപ്രളയത്തിന്റെ കാരണങ്ങളിലൊന്നു അതായിരിക്കണം. വീണുപോയ ദൂതന്മാരുടെ ശക്തിയുടെ വലിപ്പം നമുക്കറിയില്ല. ദൈവദൂതന്മാർ അവർക്കിടയിൽ പ്രത്യുത്പാദനം നടത്തുന്നില്ല എന്നു മാത്രമേ മത്തായി 22:30 ന് അർത്ഥമുള്ളൂ. എന്നാൽ ഇങ്ങനെയുള്ള സഹവാസത്തെ ഈ വാക്യം ഒഴിവാക്കുന്നില്ല. മനുഷ്യരൂപം സ്വീകരിച്ച് ദൂതന്മാർ മനുഷ്യരുടെ മറ്റുള്ള പ്രവൃത്തികൾ ചെയ്തതായി കാണുന്നുണ്ട്. അവർ ഭക്ഷിക്കുകയും നടക്കുകയും സംസാരിക്കുകയും ഇരിക്കുകയും എല്ലാം ചെയ്തിട്ടുണ്ട്. ചില ദൂതന്മാരെ തെറ്റിദ്ധരിച്ച് സ്വവർഗ്ഗരതിക്കുവേണ്ടി ശ്രമിച്ചതായി കാണുന്നു (ഉല്പത്തി 18:1–19:5).

മനുഷ്യപുത്രിമാർ എന്നത് ഭക്തികെട്ട സ്ത്രീകൾ എന്ന വ്യാഖ്യാനത്തിനു ഒരു ന്യായീകരണവുമില്ല. സ്ത്രീവർഗ്ഗത്തെ മുഴുവൻ കുറിക്കുന്ന ഒരു പ്രയോഗം മാത്രമാണിത്. ദൈവപുത്രന്മാർ ദൈവദൂതന്മാരെക്കുറിക്കുന്നതുപോലെ ഭക്തിയുള്ള പുരുഷന്മാരും ഭക്തികെട്ട സ്ത്രീകളും തമ്മിലുള്ള വിവാഹം ഇവിടെ സൂചിതമെന്ന് കരുതാനില്ല. ഭക്തിയുള്ള സ്ത്രീകളും ഭക്തികെട്ട പുരുഷന്മാരും (മനുഷ്യപുത്രന്മാരും ദൈവപുത്രിമാരും) തമ്മിൽ സംഭവിച്ചുകൂടേ? എന്നാൽ അതിനെക്കുറിച്ച് ബൈബിൾ ഭാഗം ഒന്നു പറയുന്നില്ല.

ഈ സംയോഗത്തിലുണ്ടായവരെ നെഫിലീം (മല്ലന്മാർ) എന്നാണു വിളിച്ചിരുന്നത്. നെഫിലീം എന്ന എബ്രായപദത്തിന് വീണുപോയവർ എന്നർത്ഥം. അവിശുദ്ധ സംയോഗത്തി

ലുണ്ടായ അസാധാരണ സന്തതിയെക്കുറിക്കുകയാണത്. കനാനിലെ അനാക്കിന്റെ പുത്രന്മാരെക്കുറിക്കുവാൻ ഈ പദം തന്നെ സംഖ്യാ 13:33–ൽ പ്രയോഗിച്ചിട്ടുണ്ട്. അവർ ഭീമാകാരന്മാരായിരുന്നു. എന്നാൽ മിശ്രപ്രകൃതിയോടു കൂടിയ രാക്ഷന്മാരാകണം (ഉല്പത്തി 6).

വിചിത്രമായ പാപം ചെയ്ത് ബന്ധിക്കപ്പെട്ട ഒരു വിഭാഗം ദൂതന്മാരെക്കുറിച്ചു 2 പത്രൊസ് 2:4–5, യൂദാ 6,7 എന്നിവിടങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അവരുടെ ശിക്ഷാവിധിയുടെ കാരണത്തെക്കുറിച്ചു നമുക്കു ഊഹിക്കാവുന്ന തെളിവ് ഇതു മാത്രമാണ്. ഇവരുടെ പാപത്തെ സൊദോമിലും ഗൊമോറയിലും സംഭവിച്ച ലൈംഗികഭ്രംശത്തോടാണു പത്രൊസും യൂദയും താരതമ്യപ്പെടുത്തിയിരിക്കുന്നത്. ഈ സൂചനയുടെ കാലവും ദൂതന്മാരുടെ പാപത്തെ ജലപ്രളയമായി ബന്ധപ്പെടുത്തുന്നു. ദൂതന്മാരുടെ പാപം സാത്താനോടുകൂടെയുള്ള ദൈവദൂതന്മാരുടെ വീഴ്ചയായിരുന്നു എങ്കിൽ ബന്ധിക്കുന്നതിനുപകരം കുറച്ചുപേരെ ബന്ധിക്കുന്നതിന് ന്യായീകരണമില്ല. വീഴ്ചയ്ക്കുശേഷം സാത്താൻപോലും ബന്ധിക്കപ്പെടേണ്ടിയിരുന്നു.

2 പത്രൊസിലെയും യൂദയിലെയും ഭാഷ അസാധാരണമായ ലൈംഗിക പാപത്തെയാണ് വർണ്ണിക്കുന്നത്. ദൈവദൂതന്മാരുടെ പാപത്തെ സൊദോമിലും ഗൊമോറയിലും നടന്ന പാപത്തോടെയാണ് തുല്യപ്പെടുത്തുന്നത്. യൂദയിലെ ഭാഷ കുറെക്കൂടി തീവ്രമാണ്. “അതുപോലെ സൊദോമും ഗൊമോറയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു എന്നാണു കാണുന്നത്. ഇത് ദൂതന്മാർക്കില്ലാത്ത ജഡത്തെ കാണിക്കുന്നു. ഈ ദൂതന്മാർ തങ്ങളുടെ വാഴ്ച കാത്തുകൊണ്ടില്ല. മാത്രവുമല്ല, അവർ തങ്ങളുടെ വാസസ്ഥലം വിട്ടുപോകുകയും ചെയ്തു. ഈ അസാധാരണ പാപത്തിനു വിധേയരായ ദൂതന്മാരെ സ്ഥിരമായി അന്ധകൂപത്തിൽ അടച്ചിരിക്കുകയാണ്. അവിടെ അവർ അഗ്നിപൊയ്കയിലേക്കുള്ള വിധികാത്തു കഴിയുന്നു (മത്താ 25:41, 2 പത്രൊ 2:4, യൂദ 6, വെളി 20:10).

**ദൈവപുത്രന്മാർ ശേത്തിന്റെ സന്തതികളാണ് :** ഉത്പത്തി 6–ലെ പാപത്തിനു ദൂതന്മാരെയല്ല മനുഷ്യരെയാണ് ദൈവം കുറ്റപ്പെടുത്തിയത്. “മനുഷ്യനിൽ....വാദിച്ചുകൊണ്ടിരിക്കയില്ല.” “ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും;” “മനുഷ്യനെ ഉണ്ടാക്കിയതുകൊണ്ട് യഹോവ അനുതപിച്ചു” മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും” (ഉത്പത്തി 6:3,5,7) എന്നീ ഭാഗങ്ങൾ നോക്കുക, ദൂതന്മാർ തെറ്റിയതിനു മനുഷ്യനെ കുറ്റപ്പെടുത്തുന്നതു ശരിയല്ലല്ലോ. അതുകൊണ്ടു മനുഷ്യരിൽ ഒരു കൂട്ടത്തെക്കുറിച്ചു തന്നെയാണ് ‘ദൈവത്തിന്റെ പുത്രന്മാർ’ എന്നു പറയുന്നത്.

ദൈവദൂതന്മാരെ ദൈവത്തിന്റെ പുത്രന്മാർ എന്നു തെളിയിച്ചു പറഞ്ഞിട്ടുള്ള ഒരു ഭാഗവും ബൈബിളിൽ ഇല്ല. സന്ദർഭം കൊണ്ടു അങ്ങനെ ധരിക്കാമെന്നു വന്നാൽ തന്നെയും ഒരു പദത്തിനു വിവിധ ആശയം വന്നാലും ഇവിടത്തെ ആശയം ദൂതന്മാർ എന്നതല്ല; മനുഷ്യർ എന്നു തന്നെ.

എബ്രാ 1–ന്റെ വെളിച്ചത്തിൽ ദൂതന്മാർ പുത്രന്മാർ അല്ല എന്നു തെളിയുന്നു. 4,5 വാക്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക :

യൂദാ 7 ലെ “അവൾക്കു സമമായി ദുർന്നടപ്പു ആചരിപ്പ് അന്യജഡം മോഹിച്ചു നടന്നു” എന്ന വിശേഷണം ദൂതന്മാരെ ഉദ്ദേശിച്ചതല്ല; സൊദോം, ഗൊമോറ എന്നിവയുടെ അയൽപട്ടണങ്ങളെക്കുറിച്ചുള്ളവയാണെന്നു ഗ്രീക്കിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു നടന്ന അയൽപട്ടണങ്ങളും’ എന്നു വ്യക്തമായി

വായിക്കാം. സോദോമിൽ പാപം പുരുഷമൈഥുനമായിരുന്നു. ഉല്പത്തി 6–ൽ കാണുന്നത് ഉചിതമല്ലാത്ത വിവാഹമാണ്. "തങ്ങൾക്കു ബോധിച്ച ഏവരെയും" (ഉല്പത്തി 6:2) എന്നതു നോക്കുക.

"തങ്ങൾക്കു ബോധിച്ച ഏവരെയും" എന്നു പറയുന്നതിൽ നിന്നും അവർക്കു ന്യായമായി സ്വീകരിക്കാമായിരുന്ന ഭാര്യമാർ ഉണ്ടായിരുന്നു എന്ന ധ്വനി ഉണ്ടല്ലോ. ദൂതന്മാരിൽ സ്ത്രീകൾ ഇല്ല.

മല്ലന്മാർ എന്ന വാക്ക് സംഖ്യാ 13:33–ൽ മനുഷ്യസന്തതിയെപ്പറ്റി പറയുന്നുവല്ലോ; അനാക്യമല്ലന്മാർ എന്ന്. ആകയാൽ വേദപഠിതാക്കൾ സാധാരണയായി സ്വീകരിക്കുന്ന വ്യാഖ്യാനം ഇവിടെ യോജിച്ചതല്ല.

ദൈവപുത്രന്മാർ വീണുപോയ ദൂതന്മാരെന്നു വിശ്വസിക്കുന്ന വേദപണ്ഡിതന്മാർ ധാരാളമുണ്ട്. എന്നാൽ ഉല്പത്തി 6:1–4 സൂക്ഷ്മമായി പഠിക്കുന്നവർക്ക് അവർ ശേത്തിന്റെ സന്തതിയാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. മേല്പറഞ്ഞ ആറു ന്യായങ്ങൾ വിഷയം വ്യക്തമാക്കുന്നുണ്ട്. അനുബന്ധമായി ചില കാര്യങ്ങൾ കൂടി ഇവിടെ ചേർക്കുന്നു. പ്രാരംഭമായി പ്രസ്തുതഭാഗം പൂർണ്ണമായി ഉദ്ധരിക്കട്ടെ : "മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി അവർക്കു പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ടു തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു. അപ്പോൾ യഹോവ : മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്നരുളിച്ചെയ്തു. അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു; അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ടു അവർ മക്കളെ പ്രസവിച്ചു; ഇവരാകുന്നു പുരാതനകാലത്തെ മല്ലന്മാർ; കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ" (ഉല്പത്തി 6:1–4).

ഉല്പത്തി 6–നു വെളിയിൽ ബെനേ എലോഹീം ദൂതന്മാരെ കുറിക്കുവാൻ മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ. അതിനാൽ ഉല്പത്തി 6–ലും ദൈവപുത്രന്മാർ ദൂതന്മാരാണു എന്ന വാദം കഴമ്പില്ലാ ത്തതാണ്. ഇയ്യോ 1:6, 2:1, 38:7 എന്നിവിടങ്ങളിലാണ് പ്രസ്തുത പ്രയോഗം വരുന്നത്. അവിടെ ദൂതന്മാരെന്നു മനസ്സിലാക്കുന്നതു ഏകപക്ഷീയമാണ്. തിരുവെഴുത്തുകളിലൊരേടത്തുനിന്നും ദൈവപുത്രന്മാർ ദൈവദൂതന്മാരാണെന്ന ധ്വനി ലഭിക്കുന്നില്ല. ദൈവവുമായി ബന്ധമുള്ള ദൂതന്മാരെയും മനുഷ്യരെയും ദൈവപുത്രന്മാരെന്നു വിവക്ഷിക്കുന്നതു യുക്തമാണ്. ആവ 14:1, യെശ 43:6, ഹോശ 1:10, 11:1 എന്നിവിടങ്ങളിൽ "ദൈവപുത്രന്മാർ" ദൈവഭക്തന്മാരെക്കുറിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ അവിടെ ബെനേ എലോഹീം അല്ല പ്രയോഗം എന്നാണു പ്രതിവാദം. യെശ 43:6–ൽ എന്റെ പുത്രന്മാർ എന്നു ദൈവം പറയുമ്പോൾ വിവക്ഷ ദൈവപുത്രന്മാർ എന്നല്ലേ? ഹോശ 11:1–ലും എന്റെ മകൻ എന്നാണു പ്രയോഗം. ഹോശ 1:10–ൽ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു കാണാം. സങ്കീ 73:15–ൽ നിന്റെ മക്കളുടെ തലമുറ എന്നു ഭക്തന്മാരും ആവ 32:5–ൽ ദൈവത്തിന്റെ മക്കളെന്നു യിസ്രായേല്യരെയും പറയുന്നു.

തിരുവെഴുത്തുകൾ പഠിപ്പിക്കുന്നതിനുസരിച്ച് സ്വർഗ്ഗീയ ജീവികൾ ദൈവത്തിന്റെ സൃഷ്ടികളാണ്; ദൈവിക സത്തയിൽ നിന്നു ജനിപ്പിക്കപ്പെട്ടവരല്ല. ദൈവദൂതന്മാരെക്കുറിക്കുന്ന പ്രയോഗങ്ങളെല്ലാം നൈതികസ്വഭാവമുള്ളവയാണ്. ദൈവപുത്രന്മാർ എന്ന പ്രയോഗം ഭൗതിക ജനനത്തെ വിവക്ഷിക്കായ്കയാൽ ദൈവസാദൃശ്യം വഹിക്കുന്ന എല്ലാ ജീവികൾക്കും ചേരും. ആ

കാരണത്താൽ തന്നെ ഉല്പത്തി 6–ലെ ദൈവപുത്രന്മാർ വീണുപോയ ദൂതന്മാരല്ല. ദൈവം മനുഷ്യനെ അല്പം മാത്രം താഴ്ത്തി സൃഷ്ടിച്ചു സങ്കീ 8:5. ന്യായാധിപന്മാരെ എലോഹീം (ദേവന്മാർ) എന്നും ബെനേ എല്യോൻ (അത്യുന്നതന്റെ പുത്രന്മാർ) എന്നും (സങ്കീ 82:6) വിളിച്ചിട്ടുണ്ട്.

ദൈവപുത്രന്മാർ ദൂതന്മാരല്ലെന്നു തെളിയിക്കാൻ ഒരു സാമാന്യയുക്തി മതിയാകും. അവർ ദൂതന്മാരാണെങ്കിൽ വിശുദ്ധദൂതന്മാരോ വീണുപോയ ദൂതന്മാരോ ആയിരിക്കണം. ദൈവദൂതന്മാർ അനുസരണമുള്ളവരും ദൈവഹിതം നിറവേറ്റുന്നതിനും തിരുനാമം മഹത്ത്വപ്പെടുത്തുന്നതിനും സദാ ജാഗരൂകരുമാണ്. യുവതികളുമായി ദുർന്നടപ്പു ആചരിക്കുകയോ വഷളത്തം പ്രവർത്തിക്കുകയോ ചെയ്യുക എന്നത് അവരുടെ സ്വഭാവവുമായി പൊരുത്തപ്പെടുന്നതുമല്ല. അപ്രകാരം ഒരു പ്രവണത അവരിൽ രൂപം കൊള്ളുകയുമില്ല. വിവാഹം അവരുടെ സ്വാഭാവിക പ്രകൃതിയിൽ ഉൾപ്പെട്ടതല്ല. വീണുപോയ ദൂതന്മാരെ ഒരിക്കലും ദൈവപുത്രന്മാർ എന്നു വിളിക്കുകയില്ല. **ഭൂതങ്ങളും ദുരാത്മാക്കളും ഒന്നും തന്നെ തിരുവെഴുത്തുകളിൽ ദൈവപുത്രന്മാർ എന്ന അഭിധാനത്തിൽ അറിയപ്പെടുന്നില്ല.**

ദൈവപുത്രന്മാർക്കു വിപര്യയമായ പ്രയോഗമാണ് മനുഷ്യപുത്രിമാർ. ഈ പ്രയോഗം ഒരിക്കലും ദൈവപുത്രന്മാരെ ദൂതന്മാരാക്കുകയില്ല. ഒന്നാം വാക്യത്തിലെ മനുഷ്യന്റെ രണ്ടു വിഭാഗങ്ങളാണ് ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും.

ശേത്തിന്റെയും കയീന്റെയും സന്തതികളെ മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഉല്പത്തി 4:16–24, 4:25–5:32. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള മിശ്രവിവാഹത്തിന്റെ ആദ്യരേഖയാണ് ഉല്പത്തി 6:1–4. “ശേത്തിന്റെ സന്തതികളും കയീന്റെ സന്തതികളും തമ്മിലുള്ള മിശ്രവിവാഹം ജലപ്രളയകാലത്തു നടന്നിരുന്നു. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു” മത്തായി 24:38. ഈ മിശ്രവിവാഹം വിലക്കപ്പെട്ടതാണ്. “അവരുടെ പുത്രിമാരിൽ നിന്നു നിന്റെ പുത്രന്മാർക്കു ഭാര്യമാരെ എടുക്കയും അവരുടെ പുത്രിമാർ തങ്ങളുടെ ദേവന്മാരോടു പരസംഗം ചെയ്യുമ്പോൾ നിന്റെ പുത്രന്മാരെക്കൊണ്ടു അവരുടെ ദേവന്മാരോടു പരസംഗം ചെയ്യിക്കുകയും ചെയ്യാൻ ഇടവരരുത്.” പുറ 34:16.

പിതാക്കന്മാരുടെ കാലത്തും മിശ്രവിവാഹം നിഷേധിക്കപ്പെട്ടിരുന്നു. ഉത്പത്തി 27:46, 28:1, ഉല്പത്തി 6:2–ൽ ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ട് തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു എന്നു കാണാം. സൃഷ്ടിയുടെ കാലത്തു ദൈവം ഏർപ്പെടുത്തിയ വിവാഹത്തെക്കുറിക്കുന്ന പദമാണ് ഭാര്യമാരായി എടുത്തു എന്നത്. ഒരിക്കലും വെറും ശാരീരികബന്ധത്തെക്കുറിക്കുന്നതല്ല, താൽക്കാലിക ഭോഗസിദ്ധിക്കുവേണ്ടി സുന്ദരികളെ വശീകരിച്ചു ആവശ്യാനന്തരം ഉപേക്ഷിക്കയായിരുന്നില്ല; മറിച്ച്, സ്ഥിരമായ വിവാഹബന്ധത്തിലേർപ്പെടുകയായിരുന്നു അവർ. വിശുദ്ധവേദപുസ്തകം കൃത്യമായി ത്തന്നെ പരിഭാഷപ്പെടുത്തുന്നു. **“ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യവതികൾ എന്നു കണ്ടു തങ്ങൾക്കു ഇഷ്ടമുള്ളവരെ വിവാഹം ചെയ്തു.” ദൈവദൂതന്മാർക്കു വിവാഹം ചെയ്യുവാൻ കഴിയുകയില്ലെന്നു ക്രിസ്തു തന്നെ വെളിപ്പെടുത്തി. “പുനരുത്ഥാന ത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു” മത്തായി 22:30.**

മാനുഷിക വിവാഹത്തിൽ ഏർപ്പെടുവാൻ കഴിയുന്ന ദേഹസാന്നിദ്ധ്യം ദൂതന്മാർക്കില്ല. ദൈവത്തിനെതിരെ മത്സരിച്ചു അപ്രകാരമെന്നു അവർക്കു നേടാനും കഴിയുകയില്ല. മനുഷ്യൻ സൃഷ്ടാവിൽ നിന്ന് തനിക്കു കിട്ടിയ പ്രകൃതിയെ പാപത്താൽ നഷ്ടപ്പെടുത്തി. എന്നാൽ അതു നഷ്ടപ്പെട്ടപ്പോൾ സ്വന്തം കഴിവുകൊണ്ട് പ്രസ്തുത പ്രകൃതി തിരികെ പ്രാപിക്കാനായില്ല. അങ്ങനെയാണെങ്കിൽ മുമ്പില്ലാത്ത ഒരു ശക്തിയോ അവയവമോ ദൈവത്തോടു മത്സരിച്ചു ദൂത്മാർക്കു നേടുവാൻ കഴിയുമോ? തങ്ങൾക്കു മുമ്പില്ലാതിരുന്ന ലൈംഗികശക്തി ദൈവത്തിൽ നിന്നുള്ള വിശ്വാസത്യാഗം മൂലം അവർക്കു നേടുവാൻ കഴിഞ്ഞു എന്ന് നമുക്കു വിശ്വസിക്കുവാൻ സാദ്ധ്യമല്ല.

മനുഷ്യരൂപം സ്വീകരിച്ചു ദൂതന്മാർ മനുഷ്യരുടെ മറ്റുള്ള പ്രവൃത്തികൾ (നടക്കുക, ഇരിക്കുക, ഭക്ഷിക്കുക, സംസാരിക്കുക തുടങ്ങിയവ) ചെയ്തിട്ടുണ്ട്. അതുപോലെ മാത്രമേ ലൈംഗികപ്രക്രിയയിൽ ഏർപ്പെടുന്നതും എന്ന വാദം വിചിത്രമാണ്. അബ്രഹാമിനെ സന്ദർശിച്ച ദൂതന്മാർ ഭക്ഷിച്ചു. ദൈവം അനുവദിച്ചതു കൊണ്ടാണ് അവർ ഭക്ഷിച്ചത്. ഒന്നാമതായി **ഇവിടെ ഭക്ഷണം കഴിച്ചത് ദൈവകൃപയാൽ സംഭവിച്ച അത്ഭുതമായിരുന്നു.** ദൈവത്തോടു മത്സരിച്ചു സ്വന്തം ശക്തിയിൽ ദൂതന്മാർക്കു എന്തു ചെയ്യാൻ കഴിയുമെന്ന് ഈ സംഭവം വച്ച് നിർണ്ണയിക്കാൻ കഴിയുകയില്ല. രണ്ടാമതായി, ദൈവദൂതന്മാർ ഭക്ഷണം കഴിക്കുന്നതും പാപം ചെയ്ത ദൂതന്മാർ ഭാര്യമാരെ സ്വീകരിച്ചു കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിനും തമ്മിൽ വലിയ അന്തരമുണ്ട്. 200 ദൂതന്മാർ നായകന്മാരോടുകൂടി ലോലകളും സുന്ദരികളുമായ മനുഷ്യപുത്രിമാരെ മോഹിച്ചു സ്വർഗ്ഗത്തിൽ നിന്നും താഴേക്കു വന്നു അവരെ ഭാര്യമാരായി എടുത്തു അവരിൽ നിന്നും 3000 (അഥവാ 300) മുഴം പൊക്കമുള്ള മല്ലന്മാരെ ജനിപ്പിച്ചു എന്ന ഹാനോക്കിന്റെ ഗ്രന്ഥത്തിൽ പറയുന്നു. 2 പത്രൊസ് 2:4 ഉം യൂദാ :6 ഉം ദൂതവിവാഹത്തിനു തെളിവു നല്കുന്നില്ല. പാപം ചെയ്ത ദുതന്മാരെ ദൈവം ആദരിച്ചില്ലെന്നേ പറയുന്നുള്ളൂ. ഒരു ചെറിയ വിഭാഗം ദൂതന്മാരുടെ പ്രത്യേക പാപമൊന്നും പറയുന്നില്ല. തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെന്നേ യൂദാ :6 പറയുന്നുള്ളൂ. മനുഷ്യപുത്രിമാരെ വിവാഹം ചെയ്തുവെന്നോ സന്തത്യുത്പാദനം നടത്തിയെന്നോ ഒന്നും രേഖപ്പെടുത്തുന്നില്ല. അവർക്കു സമമായി (ദുർന്നടപ്പു ആചരിച്ചു) എന്നതു ദൂതന്മാരെക്കുറിക്കുന്നതായി മനസ്സിലാക്കിയാൽപ്പോലും ദുർന്നടപ്പ് വിവാഹമല്ല. **വ്യാകരണപരമായി അവർക്ക് (ടൂടൊയ്സ്) എന്നതു സോദോം ഗൊമോറ അഥവാ പ്രസ്തുത പട്ടണങ്ങളിലെ നിവാസികളെ കുറിക്കുന്നു.** ടൂടൊയ്സ് എന്നതു 4–ാം വാക്യത്തിലെ “ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമപ്രവൃത്തിക്കു ഹേതുവാക്കിയ അഭക്തരായ ചിലരോടും” എന്നതിനോടും അന്വയിച്ചു കൂടായ്കയില്ല.

ദൈവപുത്രന്മാരുടെ മേൽ ദൈവം ഉച്ചരിച്ച വിധിയും മനുഷ്യർക്കു മാത്രം ചേരുന്നതാണ്. “മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്നു അരുളിച്ചെയ്തു” (ഉല്പത്തി 6:3). ദൈവം തന്റെ ആത്മാവിനെ മനുഷ്യനിൽനിന്നു പിൻവലിച്ചു. അങ്ങനെ അവരുടെ ജീവനും പെരുമാറ്റത്തിനും അന്തം വരുത്തി. മനുഷ്യന്റെ ആയുസ്സ് 120 ആകുമെന്ന് ദൈവം കല്പിച്ചു. മനുഷ്യനെ ഇങ്ങനെ ശിക്ഷിക്കുന്നതിനു പകരം ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ വിവാഹം ചെയ്തതാണ്. ഈ അസ്വഭാവികമായ വിവാഹം മനുഷ്യവർഗ്ഗത്തെ മുഴുവൻ

ദുഷിപ്പിച്ചതിനു കാരണക്കാർ ദൂതന്മാർ ആയിരുന്നുവെങ്കിൽ മനുഷ്യരെയാണോ ശിക്ഷിക്കേണ്ടത്? മനുഷ്യർ വഞ്ചിക്കപ്പെടുക മാത്രമായിരുന്നല്ലോ. വഞ്ചിക്കപ്പെട്ടവരുടെമേൽ മാത്രമാണോ ശിക്ഷാവിധി. ദൈവികശിക്ഷാവിധിയിൽ ഇമ്മാതിരി പക്ഷപാതം ദൃശ്യമല്ല. ദൈവദൂതന്മാരുടെ ശിക്ഷയെക്കുറിച്ച് യാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇവിടെ വർണ്ണിക്കപ്പെടുന്ന ചരിത്രം മനുഷ്യന്റേതാണെന്നും വ്യക്തമാണ്. ദൈവപുത്രന്മാർ ദൂതന്മാരാണെങ്കിൽ ഈ ആഖ്യാനം മനുഷ്യരെക്കുറിച്ചു മാത്രമുള്ളതല്ല, ദൈവദൂതന്മാരുടേതും ആയിരിക്കുമായിരുന്നു. പരീക്ഷിതനും പരീക്ഷകനും ഒരുപോലെ ശിക്ഷിക്കപ്പെടുകയാണ് തിരുവെഴുത്തുകളിൽ.

ദൂതന്മാരും മനുഷ്യസ്ത്രീകളും തമ്മിലുള്ള അവിശുദ്ധ സംയോഗത്തിലുണ്ടായ അസാധാരണ സന്തതിയെക്കുറിക്കുകയാണു നെഫിലീം. ഗിഗാന്റെസ് എന്ന പദമാണ് സെപ്റ്റ്വജിന്റിൽ, അർദ്ധഭൗമവും അർദ്ധസ്വർഗ്ഗീയവുമായ റൈറ്റൻസിനെക്കുറിക്കുവാൻ ഈ പദം പ്രയോഗിച്ചിട്ടുണ്ട് എന്ന ദൂതവാഹവാദികളുടെ വാദം സ്വപക്ഷസ്ഥാപനത്തിന് ഒട്ടും അനുകൂലമല്ല. ദൈവപുത്രന്മാരും (മനുഷ്യരോ ദൂതന്മാരോ ആയിക്കൊള്ളട്ടെ) മനുഷ്യപുത്രിമാരും തമ്മിലുള്ള വേഴ്ചയിൽ നിന്നു നെഫിലീം (മല്ലന്മാർ) ജനിച്ചു എന്നു പറഞ്ഞിട്ടില്ല. രണ്ടാം വാക്യത്തിൽ വിവാഹം കഴിച്ചു എന്നേ പറഞ്ഞിട്ടുള്ളൂ. നാലാം വാക്യത്തിൽ അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു. അതിന്റെ ശേഷം (ദൈവം താക്കീതു നല്കിയതിനു ശേഷവും) ദൈവത്തിന്റെ പുത്രന്മാർ മനുഷ്യപുത്രിമാരുടെ അടുക്കൽ ചെന്നിട്ടു അവർ മക്കളെ പ്രസവിച്ചു. ഇവരാകുന്നു പുരാതനകാലത്തെ വീരന്മാർ. ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ വിവാഹം കഴിക്കുന്നതിനു മുമ്പു തന്നെ മല്ലന്മാർ ഉണ്ടായിരുന്നു. നാഫൽ എന്ന ധാതുവിനു വീഴുക. ചാടിവീഴുക എന്നർത്ഥം. നെഫിലീമിനു ആക്രമണകാരികൾ എന്ന അർത്ഥമാണു യുക്തം. ജനത്തിന്റെ മേൽ ചാടിവീണു അവരെ പീഡിപ്പിച്ചതിനാലാണു നെഫിലീം എന്നു അവരെ വിളിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നു വീണ എന്ന ധാരണ തെറ്റാണ്. പുരാണത്തിൽ നിന്നു കടമെടുത്ത പദം കൊണ്ടാണു സെപ്റ്റുജിന്റിൽ നെഫിലീമിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ദേവന്മാർ ഭൂമിയിൽ വന്നു മനുഷ്യസ്ത്രീകളുമായി വേഴ്ച നടത്തിയതായ പുരാണകഥകളുമായി ഈ സംഭവത്തെ ബന്ധിപ്പിക്കുക മാത്രമേ ഗിഗാന്റെസ് എന്ന പദം ചെയ്യുന്നുള്ളൂ. ഭൂമിയുടെ ദേവിയായ ഗയയുടെയും ദ്യോവിന്റെ ദേവനായ ഇരാണസിന്റെയും മക്കളാണ് ഗിഗാന്റെസ്. ഇവർ ദേവന്മാരോടു പോരാടി സൂയസിനോടൊപ്പം വീണു ഒളിമ്പസിൽ സ്ഥിരവാസമാക്കി. യവനപുരാണകഥയിൽ നിന്നു കടംകൊണ്ട് ഈ പദം ബൈബിൾ വൃത്താന്തത്തെ ആ നിലയിലാക്കുകയാണ്. പരിഭാഷാപദം അവലംബമാക്കി സിദ്ധാന്തസ്ഥാപനം നടത്തുന്നതു ഒരിക്കലും ശരിയല്ല.

മനുഷ്യവർഗ്ഗത്തെ (നോഹയും കുടുംബവും ഒഴികെ) പൂർണ്ണമായി നശിപ്പിച്ച ജലപ്രളയത്തിനു ഉൽപ്പത്തി കണ്ടെത്താൻ കഴിയുന്നതു ദൂതവിവാഹത്തെ അംഗീകരിക്കുന്നതിലൂടെയാണെന്ന വാദവും തെറ്റാണ്. അതിനെ തിരുവെഴുത്തുകൾ അനുകൂലിക്കുന്നില്ല. ദൂത മനുഷ്യ സംയോഗത്തിലുണ്ടായ വർഗ്ഗം മാത്രമല്ല, മനുഷ്യവർഗ്ഗം മുഴുവൻ വഷളായതായി തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നു. ദൂതന്മാരായ പിതാക്കന്മാരുടെ സന്തതി മുഴുവൻ പ്രളയത്തിൽ നശിച്ചു. തന്മൂലം പ്രളയശേഷം ദുഷ്ടത ഉണ്ടാകാൻ പാടില്ലായിരുന്നു. എന്നാൽ മനുഷ്യന്റെ വഷളത്തം പ്രളയത്തിനു മുമ്പുണ്ടായിരുന്നതുപോലെ തന്നെ തുടരുകയാണ് പ്രളയശേഷവും. ഉൽപത്തി 6:5 ഉം 8:21 ഉം ഒത്തുനോക്കുക. ദൈവം ഭൂമിയെ നശിപ്പിക്കാത്തതിനു കാരണം

“ഞാൻ ചെയ്തതുപോലെ സകലജീവികളെയും ഇനി നശിപ്പിക്കയില്ല” എന്ന ദൈവത്തിന്റെ വാഗ്ദാനമാണ്.

ദൈവപുത്രന്മാർ ദൈവദൂതന്മാരാണെന്നും ശേത്തിന്റെ സന്തതികളാണെന്നും ഉള്ള രണ്ടു വാദഗതികൾ നാം പരിശോധിക്കുകയുണ്ടായി. ഈ രണ്ടു വാദങ്ങളുടെയും ഇടയ്ക്കുള്ള മറ്റൊരു വ്യാഖ്യാനം കൂടി അടുത്തകാലത്ത് രംഗപ്രവേശം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ദൈവപുത്രന്മാർ ഭൂതാവിഷ്ടരായ വരേണ്യവർഗ്ഗമാണ്. കീർത്തിക്കും സന്തതി വർദ്ധനവിനും ആർത്തിയുള്ളവരാണ് അവർ. ഭോഗതൃഷ്ണ മുറ്റിനില്ക്കുന്ന ഇവർ കാമം ജ്വലിച്ചു അവലക്ഷണമായതു പ്രവർത്തിക്കുവാൻ മടിക്കാത്തവരാണ്. “അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർ മക്കളെ പ്രസവിച്ചു. ഇവരാകുന്നു പുരാതന കാലത്തെ വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ.” 8:4. ധാർഷ്ട്യം നിമിത്തം സംസ്കാരത്തിന്റെ അതിരുകൾ ലംഘിക്കുന്ന ഇവർ വീണുപോയ ദൂതന്മാരാൽ ആവിഷ്ടരായ ഏകാധിപതികളും ശക്തന്മാരായ ഭരണാധിപന്മാരും യോദ്ധാക്കളും, മല്ലന്മാരും ആണ്. ഇവർക്കു വലിയ അന്തഃപുരങ്ങളുണ്ട്. തങ്ങളുടെ നിവാസം വിട്ടുപോയ ദൂതന്മാരും ആണ്. ഇവർക്കു വലിയ അന്തഃപുരങ്ങളുണ്ട്. തങ്ങളുടെ നിവാസംവിട്ടുപോയ ദൂതന്മാർ മേല്പറഞ്ഞവരിൽ പ്രവേശിക്കുകയും മനുഷ്യപുത്രന്മാരുമായി ബന്ധപ്പെടുകയും ചെയ്തു എന്നാണ് ഈ വാദഗതി ചൂണ്ടിക്കാണിക്കുന്നത്. നിഷ്ഠൂരന്മാരായ രാജാക്കന്മാരിലും പ്രഭുക്കന്മാരിലും കടന്നുകൂടി ഭരണം നടത്തുന്നതും ഇവരാണ്. യെഹ 28:11–10, ദാനി 10:13. രാജാക്കന്മാരെ പൊതുവെ അർദ്ധദൈവങ്ങളായിട്ടാണ് പുരാണങ്ങൾ വർണ്ണിക്കുന്നത്. രാജാക്കന്മാർ ദേവന്മാരുടെ പുത്രന്മാർ ആണ് ഉഗാറിറ്റിക് പുരാണമനുസരിച്ച് ഏൽദേവൻ രണ്ടു മനുഷ്യസ്ത്രീകളെ വശീകരിച്ചു. ഈ ദേവമനുഷ്യസംയോഗത്തിൽ നിന്ന് ഉഷസ്സും സന്ധ്യയും എന്ന രണ്ടു ദേവിമാർ ജനിച്ചു. ദേവമനുഷ്യസംയോഗത്തിൽ ഉണ്ടാകുന്ന മല്ലന്മാരെക്കുറിച്ചുള്ള വർണ്ണന വിശ്വപുരാണ പാരമ്പര്യങ്ങളിൽ സുലഭമാണ്. ഈ ദൈവപുത്രന്മാരെ സക്കൂബസ്, ഇൻക്യൂ ബസ് എന്നീ ഭൂതങ്ങളുമായി ബന്ധപ്പെടുത്തുന്നവരുണ്ട്. സ്ത്രീ രൂപം ധരിച്ച് പുരുഷന്മാരുമായി സംഭോഗം ചെയ്യുമെന്ന് കരുതപ്പെടുന്ന യക്ഷിയാണ് സക്കൂബസ്. പുരുഷരൂപം ധരിച്ച് ഉറങ്ങിക്കിടക്കുന്ന സ്ത്രീകളുമായി സംഭോഗം നടത്തുമെന്ന് കരുതപ്പെടുന്ന ദുർഭൂതമാണ് ഇൻക്യൂബസ്. ഇമ്മാതിരി ദുർഭൂതങ്ങളുമായി ദൈവപുത്രന്മാരെ സാമ്യപ്പെടുത്തുകയാണ് ചിലർ. മുൻപറഞ്ഞ വാദഗതികളിൽ നിന്ന് ഈ വാദത്തിനു വലിയ വ്യത്യാസമൊന്നുമില്ല. പ്രഭുക്കന്മാരെയും രാജാക്കന്മാരെയും സാത്താന്യഗണങ്ങൾ നിയന്ത്രിക്കുന്നു എന്നത് അംഗീകരിക്കപ്പെട്ട സത്യമാണ്. ഭൂതാവിഷ്ടരായ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ധാരാളം രാജ്ഞിമാരും വെപ്പാട്ടികളും ഉണ്ടെന്നുള്ളതു സത്യമാണ്. ഇവരുമായി ബന്ധപ്പെടുന്നതിന് രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ഭൂതവേശം ഉണ്ടാകണമെന്നില്ല. വലിയ അന്തഃപുരങ്ങൾ യിസ്രായേൽ രാജാക്കന്മാർക്കുണ്ടായിരുന്നത് ഇവർ എന്തുമറുപടിയാണ് നല്കുന്നത്. ഗോത്രപിതാവായ യാക്കോബിന് രണ്ട് ഭാര്യമാരും രണ്ടു വെപ്പാട്ടികളും ഉണ്ടായിരുന്നു. ഗിദെയോനും ദാവീദിനും അനേകം ഭാര്യമാരുണ്ടായിരുന്നു. ന്യായ 8:31, 2 ശമു 5:13. ശലോമോന് 700 കുലീനപത്നികളും 300 വെപ്പാട്ടികളും ഉണ്ടായിരുന്നു. 1 രാജാ 11:3. രെഹബെയാമിന് 18 ഭാര്യമാരും 60 വെപ്പാട്ടികളും ഉണ്ടായിരുന്നു. 2 ദിന 11:21. ഇവരാരും ഭൂതാവിഷ്ടർ ആയിരുന്നില്ലല്ലോ. ദൈവപുത്രന്മാർ ദുർഭൂതങ്ങളോ യക്ഷിമാരോ ആണെന്ന നിഗമനത്തിലെത്തുന്നത് ദൈവിക അരുളപ്പാടുകളെ അന്ധവിശ്വാസങ്ങളിലേക്കും പുരാണകഥകളിലേക്കും തള്ളിവിടുന്നതിനു തുല്യമാണ്. അതിനാൽ ദൈപുത്രന്മാർ ദൈവസന്തതി അതായതു ശേത്തിന്റെ സന്തതി എന്ന് മനസ്സിലാക്കുകയാണ് യുക്തം.

# ഇയ്യോബ്

ഇയ്യോബിന്റെ പുസ്തകത്തിലെ പ്രധാന കഥാപാത്രമാണ് ഇയ്യോബ്. യെഹെ 14:14,20 – യാക്കോ 5:11 എന്നീ വാക്യങ്ങളിൽ ഇയ്യോബിനെക്കുറിച്ചു പറയുന്നു. പേരിന്റെ അർത്ഥവും നിഷ്പത്തിയും അവ്യക്തമാണ്. ശത്രുത, വിദ്വേഷം എന്നീ ആശയങ്ങളുള്ള ഒരു ധാതുവിൽ നിന്നാണ് ഇയ്യോബെന്ന പേർ വന്നതെന്നു പൊതുവെ കരുതപ്പെടുന്നു. പീഡിതൻ എന്ന അർത്ഥവും പറയപ്പെടുന്നുണ്ട്. സമാനമായ ഒരു അറബിധാതുവിനു അനുതപിക്കുന്നവനെന്നു അർത്ഥമുണ്ട്. ഈജിപ്റ്റിലെ ശാപഗ്രന്ഥങ്ങളിൽ പറയപ്പെടുന്ന പാലസ്തീനിലെ ഒരു തലവന്റെ പേർ "അയ്യാവും" എന്നാണ്. അമർണ എഴുത്തുകളിലൊന്നിൽ ബാശാനിലെ അസ്തേരോത്തിലെ ഒരു പ്രഭുവിന്റെ പേരും അയ്യാവ് ആണ്. യെഹൂദ, ക്രിസ്തീയ, ഇസ്ലാം പുരാണങ്ങളിലെ ഇയ്യോബിന്റെ കഥയ്ക്കു ബൈബിൾ സംബന്ധമായ കഥയുമായി അടിസ്ഥാനബന്ധം കുറവാണ്.

ഇയ്യോബിന്റെ ജന്മദേശം ഊസ് ആയിരുന്നു. 1:1. ഈ ദേശത്തെക്കുറിച്ച് വ്യക്തമായ അറിവില്ല. ഏദോമിന്റെ അതിരിലായിരുന്നു ഊസെന്നു പൊതുവേ കരുതപ്പെടുന്നു. യിരെമ്യാ പ്രവചനത്തിൽ ദൈവത്തിന്റെ ക്രോധമദ്യം നിറഞ്ഞ പാനപാത്രം കുടിക്കുന്നതിന് ആഹ്വാനം ചെയ്യപ്പെടുന്ന ജനതകളിൽ ഊസ്ദേശവും ഉൾപ്പെടുന്നു. യിരെ 25:15,20. ഇയ്യോബ് മഹാധനികനും ഭക്തനുമായിരുന്നു. അവൻ നിഷ്കളങ്കനും ആയിരുന്നു അവന് ഏഴുപത്രുന്മാരും മൂന്നു പുത്രിമാരും ജനിച്ചു (1:2). ഒരു ദിവസം സ്വർഗ്ഗത്തിൽ യഹോവയുടെ സന്നിധിയിൽ സാത്താൻ ചെന്നു. ഇയ്യോബിന്റെ ഭക്തിയെക്കുറിച്ചു യഹോവ പറയുകയും അവന്റെമേൽ ദൃഷ്ടിവെച്ചുവോ എന്നു ചോദിക്കുകയും ചെയ്തു ദൈവത്തിൽ നിന്നു ലഭിക്കുന്ന നന്മകൾക്കു വേണ്ടിയുള്ള നന്ദിയും ഭക്തിയും മാത്രമാണു ഇയ്യോബിനുള്ളതെന്നു സാത്താൻ പ്രതിവചിച്ചു. സാത്താന്റെ ധാരണ തെറ്റെന്നു തെളിയിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഇയ്യോബിന്റെ പത്തുമക്കളെയും സമ്പത്തിനെയും ആരോഗ്യത്തെയും യഹോവ സാത്താനേല്പിച്ചു കൊടുത്തു. കാരണം കൂടാതെ അവനെ നശിപ്പിക്കേണ്ടതിനു ദൈവം സാത്താനെ അനുവദിച്ചു (2:3). ഇയ്യോബിനെ ബാധിച്ച രോഗം മന്ത്, മസൂരം ഇവയിലേതെങ്കിലും ഒന്നായിരിക്കാം. രോഗലക്ഷണം കാവ്യാത്മകമായി വർണ്ണിച്ചിരിക്കുകകൊണ്ട് ഏതുരോഗമാണെന്നു തിരിച്ചറിയുവാൻ നിവൃത്തിയില്ല. ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കൾ ബാധിച്ചു. ഓട്ടിൻ കഷണം ഉപയോഗിച്ച് തന്നെത്താൻ ചുരണ്ടിക്കൊണ്ട് ഇയ്യോബ് ചാരത്തിലിരുന്നു. ദൈവത്തെ ത്യജിച്ചു പറഞ്ഞ് മരിക്കാൻ ഭാര്യ ഉപദേശിച്ചു. ഭാര്യയെ ഇയ്യോബ് ശകാരിച്ചു.

എലീഫസ്, ബിൽദാദ്, സോഫർ എന്നീ സുഹൃത്തുക്കൾ ഇയ്യോബിനെ സന്ദർശിച്ചു. ഇയ്യോബിന്റെ അവസ്ഥകണ്ട് വേദനയോടും കൂടെ ഒരു വാക്കും ഉരിയാടാതെ അവർ ഏഴുദിവസം ഇയ്യോബിനോടൊപ്പം നിലത്തിരുന്നു. ഇയ്യോബിന്റെ വിലാപം ദീർഘമായ ചർച്ചയക്കു കാരണമായി. മൗനം മേദിച്ചുകൊണ്ടു ഇയ്യോബ് വായ് തുറന്നു തന്റെ ജന്മദിവസത്തെ ശപിച്ചു. ഈ ആത്മഗതം അവസാനിക്കുന്നത് 'ഞാൻ പേടിച്ചതു തന്നെ എനിക്കു നേരിട്ടു. ഞാൻ ഭയപ്പെട്ടിരുന്നതു എനിക്കു ഭവിച്ചു" എന്ന വാക്കുകളോടെയാണ് (3:25). ഇയ്യോബിനു നേരിട്ട നഷ്ടത്തിനും കഷ്ടത്തിനും കാരണം അവന്റെ പ്രവൃത്തിദോഷമാമെന്ന വിശ്വാസമാണ് സുഹൃത്തു

ക്കൾക്കുണ്ടായിരുന്നത്. അതുകൊണ്ട് സ്വന്തം നിഷ്കളങ്കത തെളിയിക്കുവാൻ ശ്രമിക്കാതെ പാപം ഏറ്റുപറയുകയാണ് നല്ലതെന്ന് അവർ അഭിപ്രായപ്പെട്ടു. അവരുടെ ആശ്വാസവചനങ്ങൾ ഗുണ ദോഷത്തിലാരംഭിച്ചുവെങ്കിലും ഉഗ്രവാദത്തിലവസാനിച്ചു. സഹതപിക്കുന്ന സുഹൃത്തുക്കളുടെ നിലപാടു മാറ്റി കുറ്റം തെളിയിക്കുന്ന അഭിഭാഷകന്റെ നിലയിലവർ സംസാരിച്ചു. മൂന്നുവട്ടം വാദപ്രതിവാദം നടന്നു. എലിഹൂവിന്റെ വാദത്തോടെ അതവസാനിച്ചു. യഹോവ ചുഴലിക്കാറ്റിൽ ഇയ്യോബിനു പ്രത്യക്ഷപ്പെട്ടു (38:1). ദൈവത്തിന്റെ ശക്തി എന്താണെന്നു ഇയ്യോബ് മനസ്സിലാക്കി. യഹോവ അവന്റെ സ്ഥിതിക്കു വ്യത്യാസം വരുത്തുകയും എല്ലാം ഇരട്ടിയായി നല്കുകയും ചെയ്തു. ഇയ്യോബ് 140 വർഷം ജീവിച്ചിരുന്നു. വൃദ്ധനും കാലസമ്പൂർണ്ണനുമായി മരിച്ചു (42:16,17).

പുതിയനിയമത്തിൽ യോബിന്റെ സഹിഷ്ണുത പ്രശംസിക്കപ്പെടുന്നു. (യാക്കോ 5:11). ഇയ്യോബ് സഹിഷ്ണുതയെക്കുറിച്ചു പറയുന്നതിങ്ങനെയാണ്. “ഞാൻ കാത്തിരിക്കേണ്ടതിനു എന്റെ ശക്തി എന്തുള്ളൂ? ദീർഘക്ഷ കാണിക്കേണ്ടതിനു എന്റെ അന്തം എന്ത്?” (6:11). അർഹിക്കാത്ത കഷ്ടത നേരിടുമ്പോൾ സഹിഷ്ണുതയോടെ ഉറച്ചുനിന്നു അതിനെ തരണം ചെയ്യാൻ ഇയ്യോബ് നമുക്കു മാതൃകയാണ്.

**ഇയ്യോബിന്റെ പുസ്തകം :** പഴയനിയമത്തിലെ പതിനെട്ടാമത്തെ പുസ്തകം പ്രധാന കഥാപാത്രത്തിന്റെ പേരിലറിയപ്പെടുന്നു. എബ്രായ കാനോനിൽ മൂന്നാം വിഭാഗമായ എഴുത്തുകളിൽ (കെത്തൂവീം) മൂന്നാമത്തെ പുസ്തകം (സങ്കീ, സദൃ, ഇയ്യോബ്) പഴയനിയമത്തിലെ വിജ്ഞാനസാഹിത്യത്തിൽ ഒന്നായി അറിയപ്പെടുന്നു. സദൃശ്യവാക്യങ്ങൾ, ഇയ്യോബ്, സഭാപ്രസംഗി, ചില സങ്കീർത്തനങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ബൈബിളിലെ വിജ്ഞാനസാഹിത്യം. ഈ പുസ്തകത്തിൽ പ്രയോഗിച്ചിട്ടുള്ള നൂറ്റിപ്പത്തോളം വാക്കുകൾ പഴയനിയമത്തിൽ മറ്റൊരേടത്തും പ്രയോഗിച്ചിട്ടില്ല.

**പുസ്തകത്തിന്റെ ഐക്യം :** അനേകം പണ്ഡിതന്മാർ ഗദ്യരൂപത്തിലുള്ള മുഖവുരയെയും ഉപസംഹാരത്തെയും പദ്യഭാഗത്തിൽ നിന്നും വേർപ്പെടുത്തുന്നു. ഈ ഗദ്യഭാഗങ്ങൾ പദ്യഭാഗത്തെക്കാൾ പഴക്കമുള്ളവ എന്നതാണു അവരുടെ നിഗമനം. എഴുത്തുകാർ ഈ പൗരാണികകഥയുടെ ഹൃദയഭാഗത്തെ ഉജ്ജ്വലമായ കവിതയാക്കി മാറ്റിയിരിക്കുകയാണ്. ഈ സിദ്ധാന്തം തെളിയിക്കുവാനുള്ള വ്യക്തമായ രേഖകൾ ചൂണ്ടിക്കാണിക്കാനില്ല. പുസ്തകം സംവിധാനം ചെയ്യുന്ന സമയത്ത് മറ്റൊരാൾ ഗദ്യഭാഗങ്ങൾ കൂട്ടിച്ചേർത്തു എന്നതിനും വസ്തുനിഷ്ഠമായ തെളിവുകളൊന്നുമില്ല. താഴെപ്പറയുന്ന ഭാഗങ്ങൾ പ്രക്ഷിപ്തമാണെന്നു പലരും കരുതുന്നു. 1. മുഖവുരയും ഉപസംഹാരവും 2. ദൈവീകജ്ഞാനത്തെക്കുറിച്ചുള്ള കവിത. (28:3). നദീഹയം, മഹാനക്രം എന്നിവയെക്കുറിച്ചുള്ള വിവരണം (4015–41, 34:4). എലീഹൂവിന്റെ പ്രഭാഷണം (32:1–37) മുഖവുരയുടെയും ഉപസംഹാരത്തിന്റെയും കർത്തൃത്വം ഒരു പില്ക്കാല എഴുത്തുകാരനിൽ ആരോപിക്കുന്നതിൽ ഒരു ന്യായീകരണവുമില്ല. സംഭാഷണങ്ങൾക്കു മുഖവുരയും ഉപസംഹാരവും കൂടാതെ സ്വതന്ത്രമായ നിലനില്പില്ല. 28–ാം അദ്ധ്യായം സന്ദർഭവുമായി ദൃഢബന്ധമില്ലാത്തതാണെങ്കിൽ തന്നെയും പാഠത്തിലുൾപ്പെടാത്തതാണെന്നു പറയുവാൻ നിവൃത്തിയില്ല. നദീഹയം, മഹാനക്രം എന്നിവയെക്കുറിച്ചുള്ള വർണ്ണന പില്ക്കാലത്തെ കൂട്ടിചേർക്കലുകളായി കരുതുന്നതിലും അർത്ഥമില്ല. ഈ ഭാഗത്തെ ഭാഷയും ആശയവും പുസ്തകത്തിന്റെ ശിഷ്ടഭാഗത്തേതിനു സമാനമാണ്.

**ഗ്രന്ഥകർത്താവും കാലവും :** തല്മൂദ് അനുസരിച്ചു മോശെയാണ് ഇയ്യോബിന്റെ എഴുത്തുകാരൻ. പില്ക്കാലത്ത് പല ക്രൈസ്തവ എഴുത്തുകാരും മോശെയുടെ കർത്തൃത്വം അംഗീകരിച്ചു. ഗ്രന്ഥത്തിന്റെ കർത്താവ് ആരെന്നോ രചനാകാലം ഏതെന്നോ കണ്ടുപിടിക്കാൻ ലഭിച്ചിട്ടില്ല. വളരെ പ്രാചീനമാണ് ഈ പുസ്തകം എന്നതിനു ആഭ്യന്തര തെളിവുകളുണ്ട്. അതു കഥയുടെ പഴക്കത്തെയാണു സൂചിപ്പിക്കുന്നതെന്നും ഇന്നത്തെ രൂപത്തിലുള്ള പുസ്തകത്തിന്റെ രൂപത്തെ അല്ലെന്നും വാദിക്കുന്നവരുണ്ട്. ആദാമിന്റെ വീഴ്ചയുടെയും ജലപ്രളയത്തിന്റെയും സൂചന ഇയ്യോബിലുണ്ട്. 31:33, 22:11–17. ഇയ്യോബ് ജീവിച്ചിരുന്ന കാലം പ്രളയശേഷമാണെന്നു അതു വ്യക്തമാക്കുന്നു. യിസ്രായേല്യ ചരിത്രത്തിന്റെ വിശദാംശങ്ങളെ പുസ്തകം സ്പർശിക്കുന്നതേയില്ല. ന്യായപ്രമാണത്തെക്കുറിച്ചോ യിസ്രായേലിന്റെ പുറപ്പാടിനെക്കുറിച്ചോ ഒരു പരാമർശവും പുസ്തകത്തിലില്ല. യിസ്രായേല്യ ചരിത്രത്തിൽ പറയപ്പെടുന്ന ഉടമ്പടിക്കു പുറത്തുള്ള പ്രശ്നങ്ങളാണ് ഇതിൽ ചർച്ച ചെയ്യപ്പെടുന്നത്. ഇയ്യോബിന്റെ കാലം മോശെക്കു മുമ്പാണെന്ന നിഗമനത്തിനു ഇതു വഴിയൊരുക്കുന്നു. അലഞ്ഞു തിരിയുന്ന കൊള്ളക്കാരായി കല്ദയരെ പരാമർശിക്കുന്നതും (1:17), കെസിയ എന്ന ലുപ്തപദത്തിന്റെ പ്രയോഗവും (42:14), ഇയ്യോബിന്റെ ആയുർദൈർഘ്യവും (42:16), ദൈവപ്രത്യക്ഷതയും (13:1) പിതാക്കന്മാരുടെ കാലത്തിന്റെ ആദ്യഘട്ടത്തെയാണു വെളിപ്പെടുത്തുന്നത്. കുടുംബനാഥൻ യാഗം കഴിക്കുക, ഭവനത്തിൽ ആരാധനയ്ക്കു എല്ലാവരും കൂടിവരിക, കന്നുകാലികളെ ധനമായി കരുതുക എന്നിവ എബ്രായപിതാക്കന്മാരുടെ കാലത്തുണ്ടായിരുന്ന ജീവിതക്രമമായിരുന്നു. ഇയ്യോബിന്റെ കാലം ബി.സി.രണ്ടാം സഹസ്രാബ്ദത്തിന്റെ ആദ്യഘട്ടം ആയിരുന്നുവെന്നു ഒരു വിധത്തിൽ ഉറപ്പിക്കുക. എന്നാൽ ഗ്രന്ഥം എഴുതപ്പെട്ട കാലത്തെക്കുറിച്ചു പണ്ഡിതന്മാരുടെയിടെയിൽ അഭിപ്രായൈക്യമില്ല. എബ്രായപിതാക്കന്മാരുടെ കാലത്തിനും ബി.സി.250–നും ഇടയ്ക്കു വിവിധ കാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശലോമോന്റെ കാലത്തു എഴുതപ്പെട്ടുവെന്നാണ് പൊതുവേയുള്ള ധാരണ. വിജ്ഞാന സാഹിത്യത്തിലെ മറ്റു ഗ്രന്ഥങ്ങളോടു (സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി) ഇയ്യോബിനു വളരെ സാദൃശ്യമുണ്ട്. വിജ്ഞാന സാഹിത്യഗ്രന്ഥങ്ങൾ അധികവും രചിക്കപ്പെട്ടതു ശലോമോന്റെ കാലത്തായിരുന്നു. സദൃവാക്യം 8–ാമദ്ധ്യാ യത്തിനു ഇയ്യോ 15:8, 28–ാമദ്ധ്യായം എന്നിവയോടുള്ള സാമ്യം വെറും ഉപരിപ്ലവമല്ല.

**ഇയ്യോബിന്റെ പ്രശ്നം :** ഉദാത്തമായ ചിന്ത ഉൾക്കൊള്ളുന്ന ഈ കാവ്യത്തിൽ മനുഷ്യന്റെ അനുഭവങ്ങളും അവയിലെ നിഗൂഢതകളും വ്യക്തമായി പ്രതിഫലിക്കുന്നു. നീതിമാന്റെ കഷ്ടത എന്ന പ്രശ്നത്തെയാണ് ഇതിലവതരിപ്പിക്കുന്നത്. ഇയ്യോബിന്റെ ശാരീരിക വേദനകളെക്കുറിച്ചുള്ള സൂചനകൾ കാവ്യത്തിൽ വിരളമാണ്. തന്റെ ശാരീരിക വേദനയെക്കാളും ഇയ്യോബിനു പ്രശ്നവും പ്രയാസവും സൃഷ്ടിച്ചത്, ബന്ധുക്കളുടെയും നാട്ടുകാരുടെയും പെരുമാറ്റമാണ്. ദൈവം അവനെ ഉപേക്ഷിച്ചു എന്നുള്ളതിനു തെളിവാണത്. നീതിമാൻ കഷ്ടപ്പെടുന്നു എന്നതിലേറെ പ്രധാന്യം ആ കഷ്ടതയുടെ അടിസ്ഥാനകാരമാണ്. ദൈവവും സാത്താനും തമ്മിലുള്ള പന്തയത്തിന്റെ പേരിലാണ് ഇയ്യോബ് കഷ്ടം അനുഭവിക്കുന്നത്. തന്മൂലം ഇയ്യോബിലെ പ്രശ്നം പ്രശ്നമായും ദൈവശാസ്ത്രപരമാണ്. തന്റെ പൂർവ്വകാലാനുഭവങ്ങളും എല്ലാ തത്വങ്ങളും വെളിപ്പെടുത്തുന്നതുപോലെ ദൈവം എന്തുകൊണ്ട് പ്രവർത്തിച്ചില്ല? ആ കാലത്തിന്റെ സന്താനം എന്ന നിലയ്ക്കു ദൈവത്തിന്റെ നീതി നന്മയിലും സമൃദ്ധിയിലും അധിഷ്ഠിതമാണെന്ന ചിന്താഗതിയിലാണ് ഇയ്യാബ് തന്റെ ജീവിതം കെട്ടിപ്പെടുത്തിയ സന്ദർഭത്തിൽ നിന്നും

അടർത്തിയെടുത്താൽ ഇയ്യോബിന്റെ പല ഭാഷണങ്ങളെക്കാളും സ്വീകാര്യം കൂട്ടുകാരുടെയും എലീഹൂവിന്റെയും ഭാഷണങ്ങളാണ്. എന്നാലവരെ ദൈവം തിര്സകരിച്ചു. 42:7. അവ അസത്യമായിരുന്നതുകൊണ്ടായിരുന്നില്ല, തീരെ സങ്കുചിതമായിരുന്നതുകൊണ്ടുമാത്രം. ദുഷ്ടന്മാരുടെ വിധിയെക്കുറിച്ചുള്ള സംഭാഷണത്തിൽ ഇതു സ്പഷ്ടമാക്കിയിട്ടുണ്ട്. ഇയ്യോബിന്റെ വേദനയ്ക്കു പ്രധാന കാരണം തന്റെ ദൈവശാസ്ത്രപരമായ വിശ്വചിത്രം തകർന്നതാണു. ഒരു തൃപ്തികരമായ പരിസമാപ്തി അല്ല കാവ്യത്തിനുള്ളത്. ഇയ്യോബിന്റെ പ്രശ്നങ്ങൾക്കോ ആരോപണങ്ങൾക്കോ ദൈവം മറുപടി പറയുന്നില്ല. തന്റെ സർവ്വശക്തിയെക്കുറിച്ചു ദൈവം വെളിപ്പെടുത്തിയപ്പോൾ ഇയ്യോബിനു തൃപ്തിയായി. ദൈവത്തിന്റെ സർവ്വശക്തിയുടെ മുമ്പിൽ നൈതിക സിദ്ധാന്തങ്ങൾ അപ്രസക്തമായി ദൈവത്തെക്കുറിച്ചുള്ള തന്റെ ധാരണ വളരെ ചെറുതാകയാൽ അതു തകർന്നുവീണു എന്നു ഇയ്യോബിനു മനസ്സിലായി. ദൈവത്തിന്റെ മഹത്വം മനസ്സിലാക്കിയപ്പോൾ തന്റെ പ്രശ്നങ്ങൾ ഇല്ലാതെയായി. കഷ്ടതയുടെ പ്രശ്നത്തിനു മറുപടി പറയുകയല്ല, ദൈവം വലിയവനാകയാൽ അതിനു മറുപടി ആവശ്യമില്ലെന്നു തെളിയിക്കുകയാണ് “ഇയ്യോബ്.”

# പ്രത്യേക വാർത്ത!!

മധ്യകേരള ഡയോസിസ് ബിഷപ്പ് അവർകളും സി.എസ്.ഐ മോഡറേറ്ററുമായ മോസ്റ്റ്.റവ.തോമസ്.കെ.ഉമ്മൻ അവർകൾക്ക് ജാമക്കാരനിൽ ഞാനെഴുതിയ ലേഖനങ്ങളോ, ചരിത്രമോ, വിമർശനങ്ങളോ അത്ര ഇഷ്ടപ്പെട്ടിട്ടില്ല. എന്നെയും എന്റെ ശുശ്രൂഷകളെയും മുടക്കാൻ ശ്രമിക്കുന്നതായി ഞാൻ ഉണർന്നു. ഇതിന്റെ ആദ്യ നടപടിയായി എന്റെ ഡയോസിസ് ആയ കോയമ്പത്തൂർ ബിഷപ്പ് അവർകളിലൂടെ എനിക്കു മുന്നറിയിപ്പുകൾ നല്കാൻ ശ്രമിക്കുന്നതായി തോന്നി. കഴിഞ്ഞ 2017 നവംബർ 17–ാം തിയതി കോയമ്പത്തൂർ ഡയോസിസ് ബിഷപ്പ് അവർകൾ എന്റെ സഭാ അച്ചനിലൂടെ ഒരു appointment ചോദിച്ചു. ആ സമയം ശ്രീലങ്കയിലെ ആംഗ്ലിക്കൻ സഭകളുടെ 200–ാം വാർഷികത്തിൽ പ്രസംഗിക്കാൻ ചെന്നിരുന്നു. ഈ വിവരം എന്റെ ഭാര്യ ബിഷപ്പ് അവർകളെ അറിയിച്ചു.

ഈ ഡിസംബർ മാസം മാസിക എഴുതുന്ന 23.11.2017 വ്യാഴാഴ്ച ആയ ഇന്ന് കോയമ്പത്തൂർ ബിഷപ്പ് അവർകൾ എന്റെ സഭാ അച്ചനോട് : മോഡറേറ്റർ അവർകൾ ചില നിർദ്ദേശങ്ങൾ എനിക്കു നല്കാൻ അറിയിച്ചിട്ടുണ്ടെന്നും ചൊവ്വാഴ്ച (28.11.2017) തന്റെ (ബിഷപ്പിന്റെ) വീട്ടിലേയ്ക്കു urgent ആയി നേരിട്ട് ക്ഷണിച്ചിരിക്കുന്നു. ബിഷപ്പിനെ കണ്ടശേഷം എന്റെ ശുശ്രൂഷയെക്കുറിച്ചുള്ള മോഡറേറ്ററുടെ നിലപാട് എന്തെന്ന് നിങ്ങളെ പിന്നെ അറിയിക്കാം.

ഇക്കാര്യത്തെക്കുറിച്ച് ജാമക്കാരൻ വായനക്കാരും സി.എസ്.ഐ അച്ചന്മാരും വിഷമിക്കണ്ട. ദൈവം നടത്തുന്ന വഴികളിൽ എന്റെ ശുശ്രൂഷയും മാസികയും തുടർന്ന് ചെയ്യുവാൻ ദൈവം തന്നെ സഹായിക്കും. ഒരിക്കൽക്കൂടി ദൈവകൃപ ഉണ്ടായിരിക്കട്ടെ. ഉത്സാഹിപ്പിച്ച എല്ലാ അച്ചന്മാർക്കും നന്ദി. ആമേൻ.

# സഭാപ്രസംഗി 3:21 – മനുഷ്യാത്മാവും മൃഗങ്ങളും ആത്മാവും

ആത്മൻ എന്ന സംസ്കൃത പദത്തിന്റെ മത്സരമാണ് ആത്മാവ്. അത് (സഞ്ചരിക്കുക), അൻ (ശ്വാസോച്ഛ്വാസം ചെയ്യുക), വാ (ഊതുക) എന്നീ ധാതുക്കളിൽ നിന്ന് വ്യത്യസ്ത ഭീതികളിൽ വ്യുത്പാദിപ്പിക്കുന്നു. അജ്ഞേയവും അപരിമേയവുമായ സൂക്ഷ്മതത്ത്വമാണ് ആത്മാവ്. അറിയാനും പ്രവർത്തിക്കാനും മറ്റുള്ള ശക്തിയോടെ ശരീരത്തിൽ വർത്തിക്കുന്ന തത്ത്വം. ജീവൻ, പ്രാണൻ, ചേതന, അന്തഃകരണം, രഥത്തെ സാരഥി എന്നപോലെ ശരീരത്തെ ഉള്ളിലിരുന്നു നയിക്കുന്ന ശക്തി, അറിയുക, ആഗ്രഹിക്കുക, ആലോചിക്കുക, നിശ്ചയിക്കുക, പ്രവർത്തിക്കുക തുടങ്ങിയ വ്യാപാരങ്ങൾക്കു ഹേതുഭൂതമാണ് തത്ത്വം. 'ഞാൻ ഉണ്ട്' എന്ന ബോധത്തിന്റെ രൂപത്തിൽ മനുഷ്യനിൽ വർത്തിക്കുന്ന അനിർവ്വചനീയമായ അന്തര്യാമി. ഓരോരുത്തരും താൻ എന്നു കരുതുന്ന തന്നിലെ അംശം എന്നിങ്ങനെ നിഘണ്ടു ആത്മാവിന് അർത്ഥനിർണ്ണയം ചെയ്യുന്നു.

ഇംഗ്ലീഷിലെ soul, self എന്നിവയ്ക്കു സമാന്തരമാണ് ആത്മാവ് എന്നതാണ് പൊതുവെയുള്ള നിഗമനം. soul, self എന്നീ പ്രയോഗങ്ങൾക്കു സമാനമായ എബ്രായ – ഗ്രീക്കു പ്രയോഗങ്ങൾ നെഫെഷും പ്സ്യൂഖിയുമാണ്. നെഫെഷ്, പ്സ്യൂഖി എന്നിവ വെളിവാക്കുന്ന ധാരണയ്ക്കതീതമായ ഒന്നത്രേ മനുഷ്യനിലെ ആത്മാവ്. ദേഹം, ദേഹി ആത്മാവ് എന്നിവയാണ് മാനുഷിക ആളത്തത്തിന്റെ ഘടകങ്ങൾ. നാം ദൈവത്തിന്റെ മക്കൾ എന്ന ആത്മാവ് താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു (റോമർ 8:16). മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല (1 കൊരി 2:11) എന്നീ വാക്യങ്ങളിൽ മനുഷ്യന്റെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതയിൽ (1 തെസ്സ 5:23) എന്ന വാക്യത്തിൽ പ്രാണൻ അഥവാ soul- ൽ നിന്നു വ്യത്യസ്തമാണ് ആത്മാവ് എന്നും വ്യക്തമാകുന്നു. മനുഷ്യൻ ദേഹിയാണെന്ന് പറയും; പക്ഷേ മനുഷ്യനിൽ ദേഹിയുണ്ടെന്ന് പറയുകയില്ല. മനുഷ്യനിൽ ആത്മാവുണ്ടെന്നു പറയും. എന്നാൽ മനുഷ്യൻ ആത്മാവാണെന്നു പറയുകയില്ല. പഴയനിയമ വെളിപ്പാട് വ്യക്തമാക്കുന്നതത്രേ. ആത്മാവെന്ന പദം ദൈവത്തിനും ദേവന്മാർക്കും അമൂർത്തസത്വങ്ങൾക്കു പൊതുവെയും മനുഷ്യന്റെ ആത്മാവിനും പ്രയോഗിക്കും.

റൂവഹ് എന്ന എബ്രായപദത്തിനും പ്ന്യൂമാ എന്ന ഗ്രൂക്കുപദത്തിനും വായുവിൽ ചലനം, കാറ്റ്, ശ്വാസം എന്നീ അർത്ഥങ്ങളുണ്ട്. ഇതിൽ നിന്നാണ് പ്രസ്തുത പദങ്ങൾ ജീവതത്ത്വമായ ആത്മാവിനെ കുറിക്കുന്നത്. ആത്മാവിനെക്കുറിച്ചുള്ള ധാരണയ്ക്കു പിന്നിൽ കാറ്റിന്റെ ആശയം ഒരു പ്രത്യേക രീതിയിലാവശേഷിക്കുന്നുണ്ട്. നീക്കോദേമൊസിനോട് ക്രിസ്തു പറഞ്ഞു : കാറ്റ് ഇഷ്ടമുള്ളേടത്തു ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു എന്ന് ഉത്തരം പറഞ്ഞു. (യോഹ 3:8). ജീവതത്ത്വം എന്ന നിലയിൽ ആത്മാവ് ശ്വസിക്കുന്ന ജീവികളിലുണ്ട്. ഈ അർത്ഥത്തിൽ ആത്മാവ് ദേഹി

ആണ്. മനുഷ്യനിൽ ആത്മാവിനെ സൃഷ്ടിച്ചത് ദൈവമാണ്. "എന്റെ പ്രാണൻ മുഴുവൻ എന്നിലും ദൈവത്തിന്റെ ശ്വാസം എന്റെ മൂക്കിലും ഉണ്ടല്ലോ." (ഇയ്യോ 27:3). "ആകാശത്തെ സൃഷ്ടിച്ചു വിരിക്കയും ഭൂമിയെയും അതിലെ ഉത്പന്നങ്ങളെയും പരത്തുകയും അതിലെ ജന ത്തിനു ശ്വാസത്തെയും അതിൽ നടക്കുന്നവർക്കു പ്രാണനെയും കൊടുക്കുകയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു (യെശ 42:5). "യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാട് : ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനു ഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്ന യഹോവയുടെ അരു ളപ്പാട് (സെഖ 12:1). മനുഷ്യന്റെ ആത്മാവിനെ പരിപാലിക്കുന്നതും ദൈവം തന്നെ. (ഇയ്യോ 10:12). ഇവിടെ റൂവഹിനെ ശ്വാസം എന്നു വിവർത്തനം ചെയ്തിരിക്കുന്നു. ദൈവസൃഷ്ടിയായ ആത്മാവ് ദൈവത്തിന്റേതാണ്.

ദൈവത്തിന്റെ ആത്മാവ് എന്ന പ്രയോഗത്തിൽ 84 സ്ഥാനങ്ങളിൽ (പഴയനിയമത്തിൽ) റൂവഹ് പ്രയോഗിച്ചിട്ടുണ്ട്. പ്രവാചകന്മാരെ പ്രചോദിപ്പിച്ചത് ദൈവത്മാവാണ്. (സംഖ്യാ 11:17–29, 1 ശമു 10:6–10, 19:20–23). പൗരാണിക യിസ്രായേലിലെ നേതാക്കന്മാർക്ക് യുദ്ധത്തിന് ആവശ്യ മായ ശക്തിയും ഭരണത്തിനാവശ്യമായ അധികാരവും ദൈവാത്മാവ് നൽകിയിട്ടുണ്ട്. ന്യായാ 3:10, 11:29, 1 ശമു 11:6. മശീഹയിൽ ആത്മാവ് വസിക്കുന്നു (യെശ 11:2, 42:1).

മനുഷ്യനിലെ ദൈവിക അംശത്തിനാണ് ആത്മാവ് എന്നു പറയുന്നത്. പ്രകൃതിയിൽ മനുഷ്യൻ ദൈവത്തിനു സദൃശ്യനാണ്. ദൈവത്തിന്റെ സ്വരൂപത്തിലാണവൻ സൃഷ്ടിക്കപ്പെ ട്ടത് (ഉൽ 1:27). ദൈവസ്വരൂപം മനുഷ്യന്റെ ബുദ്ധിയെയും സ്വതന്ത്രമായ ഇച്ഛാശക്തിയെയും ചൂണ്ടിക്കാണിക്കയും മനുഷ്യൻ ഒരു നൈതികജീവിയാണെന്നു വ്യക്തമാക്കുകയും ചെയ്യുന്നു. ഈ സ്വരൂപം ഒരു വിശ്വാസിയുടെ ആളത്തം ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപമാകുന്ന തിനെ വ്യഞ്ജിപ്പിക്കുന്നു (റോമ 8:29, 1 കൊരി 15:49, 2 കൊരി 3:18, ക്രിസ്തു ദൈവത്തിന്റെ പ്രതിമയാണ് 2 കൊരി 4:4, കൊലൊ 1:15, എബ്രാ 1:3.

പഴയനിയമത്തിലും പുതിയനിയമത്തിലും ഉത്പ 8:1, സംഖ്യാ 11:31, എബ്രായ 1:7 (ദൂത ന്മാർ, ആത്മാക്കൾ അഥവാ കാറ്റ്) എന്നിവിടയങ്ങളിലെപ്പോലെ കാറ്റ് എന്ന അർത്ഥത്തിലും ഇയ്യോബ് 12:10, 15:30, 2 തെസ്സ 2:8 എന്നിവിടങ്ങളിലെപ്പോലെ ശ്വാസം എന്ന അർത്ഥത്തിലും 'ആത്മാവ്' പ്രയോഗിച്ചിട്ടുണ്ട്. രൂപകാർത്ഥത്തിൽ ക്രോധം അഥവാ കോപത്തെ (ദൈവത്തിന്റെ കോപവും ഉൾപ്പെടുന്നു) കുറിക്കുന്നു. ഇയ്യോ 4:9, പുറ 15:8, 2 ശമു 22:16, 2 തെസ്സ 2:8. മനുഷ്യ രോടുള്ള ബന്ധത്തിൽ വികാരത്തെ സ്പർശിക്കുമ്പോൾ പൊതുവെ മാനസികവും നൈതിക വുമായ ഗുണങ്ങളെ കുറിക്കുന്നു (യെഹ 28:3 വിവേകത്തിന്റെ ആത്മാവ്, യെഹെ 11:19 ഒരു പുതിയ ആത്മാവ്) ദൈവാത്മാവ് മനുഷ്യനെ ഇളക്കുമ്പോൾ 'ദൈവത്തിന്റെ ആത്മാവ് ശക്തി യോടെ അവന്റെ മേൽ വന്നു (1 ശമു 10:10) എന്നു പറയും.

മനുഷ്യനിലെ ആത്മാവ് മൃഗത്തിൽ നിന്നും അവനെ വേർതിരിക്കുന്നു. അതുകൊണ്ടാണ് ആത്മാവ് കർത്താവിനെ ഏല്പിക്കുന്നത്. ലൂക്കൊ 23:6, അപ്പൊ 7:59, 1 കൊരി 5:6. ദൈവത്തെ ആത്മാക്കളുടെ ദൈവം (എബ്രാ 12:9) എന്നു വിളിക്കുന്നു. ചിന്തിക്കുക, ഇച്ഛിക്കുക, സംവേ ദനം അനുഭവപ്പെടുക എന്നിങ്ങനെ മനുഷ്യനിലുള്ള ആത്മികാംശത്തിന്റെ ആവിഷ്കാരത്തിനും ചില പ്രത്യേക ഗുണങ്ങൾക്കും ആത്മാവ് രൂപകാർത്ഥത്തിൽ പ്രയോഗിക്കും. ആത്മാവിൽ ദരി ദ്രരായവർ (മത്തായി 5:3), സൗമ്യതയുടെ ആത്മാവ് (ഗലാ 6:1), ദാസ്യത്തിന്റെ ആത്മാവ് (റോമ

8:15), ശങ്കാവിഷം (സംഖ്യാ 5:14), (റൂവഹ് കിനാഹ് എന്നത് ശങ്കാത്മാവാണ്. അതിനെ വിഷം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു). ഭീരുത്വത്തിന്റെ ആത്മാവ് (2 തിമൊ 1:7), ഗാഢനിദ്ര യുടെ ആത്മാവ്. നമ്മുടെ ആത്മാവിനെ നിയന്ത്രിക്കേണ്ടതാണ് (സദൃ 16:31 ജിതമാനസൻ സദൃ 25:28 ആത്മസംയമം), ദുരാത്മാക്കൾക്കു കീഴടങ്ങുവാൻ പാടില്ല (ലൂക്കൊ 9:55). സത്യത്തിന്റെ ആത്മാവിനെ അനുസരിക്കുകയും വഞ്ചനയുടെ ആത്മാവിനെ ഒഴിയുകയും ചെയ്യേണ്ടതാണ് (1 യോഹ 4:16). ആത്മാവ് ഉപദേശവും വിവേകവും നൽകുന്നു. (യെശ 11:2, എഫെ 1:17).

മനുഷ്യാത്മാവിന് ദൈവാത്മാവുമായി ഉറ്റബന്ധമുണ്ട്. ദൈവാത്മാവിൽ നിന്ന് ജീവൻ പ്രാപിച്ച ജീവിയാണ് മനുഷ്യൻ. തന്മൂലം ദൈവവിശ്വാസം ജീവനെയും മരണത്തെയും പ്രദാനം ചെയ്യുന്നതായും മടക്കിയെടുക്കുന്നതായും വർണ്ണിക്കുന്നു. ഇയ്യോബ് പറയുകയാണ് : "എന്റെ പ്രാണൻ മുഴുവനും എന്നിലും ദൈവത്തിന്റെ ശ്വാസം എന്റെ മൂക്കിലും ഉണ്ടല്ലോ." ഇയ്യോ 27:3, 33:4, 34:14. ഈ വാക്യങ്ങളിൽ ആത്മാവ്, ശ്വാസം ഇവയെ ഒരുമിച്ചു പ്രയോഗിച്ചിരിക്കുന്നു. ആത്മാവ് വീണ്ടും ചൈതന്യം പ്രാപിക്കാം (ഉല്പത്തി 45:27), വിഷാദിക്കാം (സങ്കീ 143:4) ഇവിടെ റൂവഹിനെ മനം എന്നതാണ് വിവർത്തനം ചെയ്തിരിക്കുന്നത്. തകരാം (സദൃ 15:13 ധൈര്യം ക്ഷയിക്കുന്നു എന്നതിന് എബ്രായയിൽ ആത്മാവ് തകരുന്നു എന്നാണ്). തകർന്നിരിക്കുന്ന മനസ്സ് (റൂവഹ്) ദൈവത്തിന്റെ ഹനനയാഗങ്ങളാണ് സങ്കീ 51:17. ആത്മാവിൽ ഗർവ്വിയെക്കാളും ആത്മാവിൽ ക്ഷമയുള്ളവനാണ് ശ്രേഷ്ഠൻ (സഭാ 7:8 ഗർവ്വമാനസൻ, ക്ഷമാമാനസൻ).

ചുരുക്കത്തിൽ, എല്ലാ ജീവന്റെയും ഉറവിടം ദൈവത്തിന്റെ ആത്മാവാണ്. ചാലകാത്മാ വെന്ന നിലയിൽ മനുഷ്യനെ ജീവനുള്ള ദേഹി അഥവാ ജീവാത്മാവായി മാറ്റുന്നു. ദൈവ ത്തിന്റെ ശ്വാസം എന്റെ മൂക്കിൽ ഉണ്ട് (ഇയ്യോ 27:3) നീ അവയുടെ ശ്വാസം (റൂവഹ്) എടുക്കു മ്പോൾ അവ ചത്തു പൊടിയിലേക്കു തിരികെ ചേരുന്നു (സങ്കീ 104:29), അതുകൊണ്ട് ദൈവം സകലജഡത്തിന്റെയും ആത്മാക്കൾക്ക് ഉടയവനാണ് (സംഖ്യാ 16:22, 27:16).

ദേഹി അഥവാ പ്രാണൻ ആത്മാവിനോട് ബന്ധപ്പെട്ടതാണെങ്കിലും ആത്മാവിനില്ലാത്ത ചില പ്രത്യേകതകളുണ്ട്. ദൈവത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ മനുഷ്യൻ ആത്മാവുള്ളവ നാ ണ്. മനുഷ്യൻ ദേഹിയാണ്; കാരണം ദൂതന്മാർക്കില്ലാത്ത ദേഹം അവനുണ്ട്. ഈ ദേഹം അവനെ ഭൂമിയുമായി ബന്ധിക്കുന്നു. പ്രാണൻ ഉള്ളതുകൊണ്ട് അവനൊരു ജന്തുവാണ്. പക്ഷേ വിവേകമുള്ള ജന്തുവാണ്. വിവേകം മനുഷ്യനെ മൃഗത്തിൽ നിന്നു വേർതിരിക്കുന്നു. മനുഷ്യന്റെ ആളത്തത്തിന്റെ മൂന്നു ഘടകങ്ങൾ ദേഹം, ദേഹി, ആത്മാവ് എന്നിവയാണ്. ഇവ യഥാക്രമം പ്രപഞ്ചബോധം, ആത്മബോധം, ദൈവബോധം എന്നിവയ്ക്ക് അധിഷ്ഠാനമാണ്. ഒരേ പ്രകൃ തിയിലുള്ള വേർപെടുത്താവുന്ന മൂന്നു ഘടകങ്ങളാണിവ.

**മനുഷ്യാത്മാവും മൃഗങ്ങളുടെ ആത്മാവും :** ജന്തുശാസ്ത്രം മനുഷ്യനു നൽകിയിട്ടുള്ള സാങ്കേതിക നാമമാണ് 'ഹോമോസാപിയൻ.' മനുഷ്യൻ നട്ടെല്ലികൾ എന്ന ജന്തുമണ്ഡലത്തിൽ സസ്തനജീവിത വിഭാ ഗത്തിൽ പ്രൈമേറ്റ് ഗോത്രത്തിൽ കുരങ്ങുകളും ആൾക്കുരങ്ങലുകളും ഇതിൽപ്പെടുന്നു. ഹോമിനീഡേ കുടുംബത്തിൽ ഹോമോഗണത്തിൽ സേപ്പിയൻസ് എന്ന ജീവി ജാതിയിൽപ്പെടുന്നു. മനുഷ്യനു ജന്തു ക്കളുമായുള്ള ബന്ധമാണ് ജന്തുശാസ്ത്രത്തിന്റെ അംഗീകൃത വിഭജനസമ്പ്രദായം വെളിപ്പെടുത്തുന്നത്. മതം മനുഷ്യനെ ദൈവവുമായി ബന്ധപ്പെടുത്തുവാൻ ശ്രമിച്ചപ്പോൾ ശാസ്ത്രം മനുഷ്യനെ ദൈവത്തിന്റെ മടിയിൽ നിന്നും വേർപെടുത്തി മൃഗങ്ങളുടെ ചുമലിൽ കൊണ്ടിരുത്തുകയാണ് ചെയ്തത്. ചില പ്രത്യേക കഴിവുകളെ അടിസ്ഥാനമാക്കി പല നിർവ്വചനങ്ങളും മനുഷ്യനെ നൽകിയിട്ടുണ്ട്.

ചിന്തിക്കാനുള്ള കഴിവുള്ള മൃഗം, സാമൂഹിക സ്വഭാവമുള്ള മൃഗം, രാഷ്ട്രീയബോധമുള്ള മൃഗം, ഈശ്വരവിശ്വാസിയായ മൃഗം, ഉപകരണങ്ങൾ നിർമ്മിക്കുന്ന മൃഗം, ചിരിക്കുന്ന മൃഗം.

മനുഷ്യനെക്കുറിച്ചുള്ള മനുഷ്യനിർമ്മിത നിർവ്വചനങ്ങളെല്ലാം മനുഷ്യനെ മൃഗത്തോടു ബന്ധിപ്പിക്കുന്നതാണ്. വിശേഷബുദ്ധിയുള്ള മൃഗമായി മനുഷ്യനെ കണക്കാക്കുന്നു. മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമൊന്നും ദർശിക്കാത്ത ചിന്തകന്മാരും കുറവല്ല. മാക്സ്ഷേലറുടെ അഭിപ്രായത്തിൽ ഒരു ബുദ്ധിയുള്ള കുരങ്ങിനും എഡിസനും തമ്മിൽ സാങ്കേതിക ബുദ്ധി യുടെ വെറും അളവിലുള്ള വ്യത്യാസം മാത്രമേയുള്ളൂ. മനുഷ്യൻ വെറും മൃഗമാണെന്ന് പറ യുന്നതു ഒരിക്കലും ശരിയല്ല. മനുഷ്യനും മൃഗത്തിനും തമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ട്. മനുഷ്യനെ നിർമ്മിച്ചത് ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വേർപെടുത്തുന്നു.

**മനുഷ്യനും മൃഗവും തമ്മിലുള്ള വ്യത്യാസം**

**(1) ഭാഷയും, സാഹിത്യവും :** വളരെ സങ്കീർണ്ണവും അമൂർത്തവുമായ ഭാഷ ഉപയോഗിക്കു വാൻ മനുഷ്യനു കഴിയുന്നു. മറ്റു മൃഗങ്ങൾക്കു മനസ്സിലാകുന്ന ഭാഷ രൂപപ്പെടുത്തുന്നതിനു മൃഗത്തിനും കഴിഞ്ഞിട്ടില്ല. ഏതെങ്കിലും ജീവികൾ ഭാഷ ഉപയോഗിക്കുകയാണെങ്കിൽ അത് മനുഷ്യന്റെ ഭാഷ മനുഷ്യൻ അവയെ പഠിപ്പിച്ചതാണ്. അല്ലാതെ അവ തന്നെ രൂപം കൊടുത്ത തല്ല.

**(2) മനുഷ്യന്റെ ആത്മാവ് അവന് ദൈവബോധം നൽകുന്നു :** ഒരു അതീതശക്തിയിൽ വിശ്വ സിക്കുകയും ആ ശക്തിവിശേഷത്തെ ആരാധിക്കുകയും ചെയ്യുന്നത് മനുഷ്യൻ മാത്രമാണ്. വ്യക്തിപരമായും സമൂഹമായും ദൈവത്തെ ആരാധിക്കുകയും ദൈവത്തോട് പ്രാർത്ഥിക്കു കയും ചെയ്യുവാൻ മനുഷ്യന് സാധിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ പശ്ചാത്തപി ക്കുകയും പാപക്ഷമ അപേക്ഷിക്കുകയും ചെയ്യുന്നു. മൃഗങ്ങൾക്ക് ഈ കഴിവില്ല.

**(3) മനുഷ്യന് മനസ്സാക്ഷി ഉണ്ട് :** തെറ്റേത് ശരിയേത് എന്നതു മനസ്സിലാക്കുവാനും ശരിയാ യതു തിരഞ്ഞെടുക്കുവാനും മനസാക്ഷി മനുഷ്യനെ സഹായിക്കുന്നു. തന്മൂലം തന്റെ പ്രവൃ ത്തികൾക്കെല്ലാം ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാ ണ്.

**(4) നിത്യതയെക്കുറിച്ചുള്ള ബോധം :** ഭാവിയെ മുൻകൂട്ടി കാണാനുള്ള കഴിവ് മനുഷ്യനുണ്ട്. മരണത്തിനപ്പുറമുള്ള കാര്യങ്ങളെക്കുറിച്ചുള്ള മനസ്സിലാക്കുവാനും അവയ്ക്കുവേണ്ടി ഒരുങ്ങു വാനും ഇത് മനുഷ്യനെ സഹായിക്കുന്നു. ഈ നിത്യതയെക്കുറിച്ചുള്ള ബോധം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നത് ദൈവം തന്നെയാണ്. "അവൻ സകലവും അതതിന്റെ സമയത്തു ഭംഗി യായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല." (സഭാ 3:11).

**(5) മനുഷ്യന് അമർത്യതയുണ്ട് :** ജനിച്ച മനുഷ്യന് ഒരിക്കലും അവസാനമില്ല. മൃഗങ്ങളെ സംബന്ധിച്ചിടത്തോളം അവയ്ക്ക് ആദിയുമുണ്ട്. അന്തവുമുണ്ട്.

**(6) ആത്മാവബോധം :** ജന്തുക്കൾക്കു ബോധമുണ്ട്. പക്ഷേ സ്വയത്തെക്കുറിച്ചുള്ള ബോധം മനുഷ്യനു മാത്രമേയുള്ളൂ. പാസ്ക്കലിന്റെ വാക്കുകൾ ശ്രദ്ധിക്കൂ. "അനന്തയാൽ ചൂഴപ്പെട്ട തികച്ചും ദുർബ്ബലമായ വെറുമൊരു ഞാങ്ങണമാത്രമായിരിക്കാം മനുഷ്യൻ. പക്ഷേ, മനുഷ്യ നൊരു പ്രത്യേകതയുണ്ട് – അവൻ ചിന്തിക്കുന്ന ഒരു ഞാങ്ങണയാണ്. അവനെ നശിപ്പിക്കു

വാൻ പ്രപഞ്ചത്തിലെ ശക്തികളെല്ലാം കൂടി ഒരുമിച്ചു ചേരണമെന്നില്ല. ഒരു തുള്ളി വെള്ളമോ ചെറിയൊരു കാറ്റോ മതി അവനെ സംഹരിക്കുവാൻ. പക്ഷേ, പ്രപഞ്ചം അവനെ ഞെരിച്ചു കളഞ്ഞാലും അവൻ പ്രപഞ്ചത്തെക്കാൾ ശ്രേഷ്ഠനായിരിക്കും. കാരണം താൻ മരിക്കുകയാണെന്നുള്ള ബോധം അപ്പോഴും അവനുണ്ടായിരിക്കും. പ്രപഞ്ചത്തിന്നാകട്ടെ അങ്ങനെയൊന്നു സാദ്ധ്യമല്ല."

**(7) സൃഷ്ടിപരമായ പാടവം :** മനുഷ്യനുള്ള സിദ്ധിവിശേഷമാണ് സൃഷ്ടിപരമായ പാടവം. ശാസ്ത്രലോകത്ത് നാം കാണുന്ന കണ്ടുപിടിത്തങ്ങളെല്ലാം ഇതിനു തെളിവാണ്. സാങ്കേതിക തലത്തിൽ പുരോഗമനാത്മകമായി ഒന്നും ചെയ്യുവാൻ മൃഗത്തിനു കഴിഞ്ഞിട്ടില്ല. മൃഗങ്ങളും പക്ഷികളും വാസനാബദ്ധമായി കൂടുകളും വാസസ്ഥലങ്ങളും നിർമ്മിക്കുന്നത് പണ്ടത്തെപ്പോലെ തന്നെയാണ്. എന്നാൽ മനുഷ്യൻ സാങ്കേതികമായി നിരന്തരം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**(8) സംസ്കാരത്തിന്റെ സൃഷ്ടി :** അനേകം സംസ്കാരങ്ങൾക്ക് മനുഷ്യൻ ജന്മം നൽകിയിട്ടുണ്ട്. മനുഷ്യന്റെ സമൂഹചരസ്വഭാവവും പരാർത്ഥപ്രവണതയുമാണ് ഇതിന് കാരണം. ഏതു നിമിഷം മരണത്തിന്നധീനനായിരിക്കുന്ന മനുഷ്യൻ ചിരകാലം നിലനിൽക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി സംസ്കാരങ്ങൾ കെട്ടിപ്പെടുക്കുന്നു.

**(9) സൗന്ദര്യാസ്വാദനം :** സൗന്ദര്യം ആസ്വദിക്കുവാൻ മാത്രമല്ല സൗന്ദര്യം സൃഷ്ടിക്കുവാനുള്ള കഴിവും മനുഷ്യനുണ്ട്. അതിന്റെ പൂർണ്ണമായ പ്രതിഫലനം കലയിൽ നാം കാണുന്നു. മൃഗങ്ങൾക്കു ഈ വക കഴിവുകളൊന്നുമില്ല.

## നന്ദി

കഴിഞ്ഞ 2 ജാമക്കാരനിലും സി.എസ്.ഐ ചരിത്രത്തെക്കുറിച്ച് പല വിവരങ്ങൾ ഞാനെഴുതി. പല ശുശ്രൂഷകരും വിശ്വാസികളും ആ ലേഖനങ്ങൾക്കായി നന്ദി അറിയിച്ച് എഴുതിയിരിക്കുന്നു. മധ്യകേരള ഡയോസിസിലെ ഒരു അച്ചൻ കത്തെഴുതിയപ്പോൾ "ബൈബിൾ സെമിനാരിയിൽ ഞാൻ ചർച്ച് History പഠിച്ചു. പക്ഷേ സി.എസ്.ഐയുടെ ചരിത്രം ഞങ്ങൾ ജാമക്കാരൻ വഴിയാണ് അറിഞ്ഞത്. ഈ വിഷയങ്ങൾ ഞങ്ങൾ അച്ചന്മാർ തമ്മിൽ പങ്കുവെച്ചു. ഡോക്ടറുടെ മാസിക ഞങ്ങൾ xerox എടുത്ത് നൂറിലധികം കോപ്പികൾ വിതരണം ചെയ്തു. ഞങ്ങളെല്ലാവരും ഒരിക്കൽക്കൂടെ ഡോക്ടർക്ക് നന്ദി അറിയിക്കുന്നു.


## നന്ദി

Bank NEFT, MO, DD ആയി നല്കിയ കൂട്ടായ്മകൾ എല്ലാം ലഭിച്ചു. നിങ്ങളെഴുതിയ എല്ലാ വിഷയങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥിക്കും.

# പത്രവാർത്തകൾ !!!

**ബിലീവേഴ്സ് ചർച്ച് : ചർച്ച് ഓഫ് സൗത്ത് ഇന്ത്യ" (സി.എസ്.ഐ) ഞങ്ങളെക്കൊണ്ട് കേസ് നല്കുവാൻ നിർബന്ധിക്കുന്നു**

ബിലീവേഴ്സ് ചർച്ചിന്റെ അധ്യക്ഷൻ ഡോ.കെ.പി.യോഹന്നാനെതിരെയുള്ള അപകീർത്തിപരമായ പ്രസ്താവനകൾ ഞങ്ങൾ നിയമനടപടികൾ സ്വീകരിക്കാൻ നിർബന്ധിതരായിരിക്കുന്നു എന്ന ബിലീവേഴ്സ് ചർച്ചിന്റെ വക്താവ് "ക്രിസ്ത്യൻ റ്റുഡെ" യോട് പ്രസ്താവിച്ചു. 2.6 മില്യൻ വിശ്വാസികളുള്ള ഇന്ത്യയിലെ സുവിശേഷ വിഹിത സഭകളിലൊന്നായ **ബിലീവേഴ്സ് ചർച്ച് - സി.എസ്.ഐയ്ക്കെതിരെ മാനനഷ്ടകേസ്** നല്കാൻ ഒരുങ്ങിക്കഴിഞ്ഞു. **ഇതിന് വഴിമരുന്നിട്ടത് സി.എസ്.ഐയുടെ മോഡറേറ്ററും മധ്യകേരള ബിഷപ്പുമായ തോമസ് കെ.ഉമ്മനാണ്.** ഡോ.കെ.പി.യോഹന്നാനെ സമൂഹത്തിൽ താറടിച്ച് കാണിക്കുംവിധം അപകീർത്തിപരമായ പ്രസ്താവനകൾ നടത്തിയ മോഡറേറ്ററെ നിയമത്തിന്റെ മുമ്പിൽ നിറുത്തുമെന്ന് ബിലീവേഴ്സ് ചർച്ച് വക്താവ് **ഫാദർ.സിജോ പടമ്പള്ളിൽ** പ്രസ്താവിച്ചു.



**ബിഷപ്പ്.കെ.പി.യോഹന്നാൻ**

Vs

**ബിഷപ്പ് തോമസ് കെ.ഉമ്മൻ**



## Bishop K.P.Yohannan's Old History & Bishop Consecration

ചില വർഷങ്ങൾക്കു മുമ്പ് ബിഷപ്പ് കെ.പി.യോഹന്നാൻ അവർകൾ തന്നെ ബിഷപ്പായി അവരോധിക്കുന്നതിനു വേണ്ടി തന്റെ പഴയ സഭയായ മാർത്തോമാസഭ ബിഷപ്പുമാരെ സമീപിച്ചു. ഇദ്ദേഹം നടത്തിവരുന്ന **"ആത്മീയയാത്ര"** ശുശ്രൂഷയുടെ Patron ആയി മാർത്തോമാ മെട്രോപോളിറ്റിൻ സ്ഥാനം വഹിച്ചിരുന്നു. ആത്മീയയാത്ര എന്ന പേരിന് പാസ്റ്റർ.കെ.പി.യോഹന്നാൻ അവർകൾ റേഡിയോയിലൂടെ പ്രചുരപ്രചാരം നല്കി. ആ റേഡിയോ പ്രോഗ്രാമിലൂടെ വളരെ നല്ല സന്ദേശങ്ങൾ ജനത്തിന് ലഭിച്ചു. അനേകായിരങ്ങൾ രക്ഷിക്കപ്പെടുവാനും, മാനസാന്തരപ്പെടുവാനും, ദുഷ്പ്രവൃത്തികൾ വിടുവാനും കാരണമായി. പാതിരി മലയാളം പോലെയുള്ള "പള്ളിഭാഷ" വിട്ട് നാടൻ ശൈലിയുള്ള പ്രഭാഷണങ്ങൾ പലരുടെയും ഹൃദയത്തിൽ തൊട്ടു. ജാതി, മത, വ്യത്യാസമില്ലാതെ സമൂഹത്തിൽ വലിയ മാറ്റങ്ങളുണ്ടായി എന്നത് സത്യമാണ്. ഈ പ്രഭാഷണങ്ങളിലൂടെ രക്ഷിക്കപ്പെട്ട വിശ്വാസികളെ വച്ച് **ബിലീവേഴ്സ് ചർച്ച്**

**എന്ന പേരിൽ** സഭകൾ രൂപീകൃതമായി. മാർത്തോമാ, സി.എസ്.ഐ തുടങ്ങിയ അനേകം സഭകളിൽ നിന്ന് സ്നാനപ്പെട്ട് ബിലീവേഴ്സ് ചർച്ചിനോട് ചേർന്നു. ഉടൻതന്നെ മാർത്തോമാ മെട്രോപോളിറ്റിൻ Patron സ്ഥാനം രാജിവച്ചു. കേരളം തുടങ്ങി ഇന്ത്യ മുഴുവനിലുമുള്ള ആയിരക്കണക്കിനുള്ള ബിലീവേഴ്സ് സഭകൾ സമൂഹത്തിൽ നല്ല സാന്നിദ്ധ്യമാണ്. ഇദ്ദേഹത്തെ സഹായിക്കാൻ വിദേശികളായ അനേകം പേർ മുമ്പോട്ടു വന്നു.

കൂട്ടായ്മകൾ കൊടുത്ത പ്രബലർ Episcopal പാരമ്പര്യമുള്ളവർ ആയിരുന്നതിനാൽ പാസ്റ്റർ.കെ.പി.യോഹന്നാൻ ബിഷപ്പ് ആകണമെന്ന നിബന്ധന വച്ചു എന്നറിയുന്നു. അങ്ങനെ ബിഷപ്പ് ആകേണ്ട നിർബന്ധം Pr.K.P. യുടെ ചുമലിലായി. Episcopal ചിട്ട അനുസരിച്ച് ബിഷപ്പ് ആകാൻ കുറഞ്ഞത് 5 ബിഷപ്പുമാരുടെ കൈവെയ്പ്പ് ആവശ്യമാണ്. ഇതിനായി ആദ്യം മാർത്തോമാ ബിഷപ്പുമാരെ സമീപിച്ചു. Penticost ഉപദേശമുള്ള ഒരു പാസ്റ്ററിനെ മാർത്തോമാ ബിഷപ്പ് ആക്കാൻ പറ്റില്ല എന്ന് അവർ മറുത്തു.

ആറ് മാസത്തിനുള്ളിൽ ബിഷപ്പ് ആകേണ്ട നിർബന്ധം ഉള്ളതിനാൽ, ആ അവസരത്തിൽ രണ്ടാമത്തെ choice യായി സി.എസ്.ഐയുടെ ചിന്ത മനസ്സിൽ വന്നു. ഇതിനായി Pr.K.P. യുടെ ആരംഭകാല സുഹൃത്തും സി.എസ്.ഐയുടെ ഈസ്റ്റ് കേരള ബിഷപ്പും സി.എസ്.ഐ യുടെ മോഡറേറ്ററും ആയിരുന്ന **ശ്രീ. കെ.ജെ.സാമുവൽ** അവർകളെ ചെന്നു കാണുന്നത്. തന്നെ ഒരു ബിഷപ്പായി വാഴിക്കാൻ അപേക്ഷിച്ചു. കേരളത്തിലും തമിഴ്നാട്ടിലും 2 ബിഷപ്പുമാരെ ഞാൻ സംഘടിപ്പിക്കാം എന്നും വടക്കേന്ത്യയിലുള്ള സി.എൻ.ഐയിലുള്ള രണ്ടു ബിഷപ്പുമാരെ നിങ്ങൾ സംഘടിപ്പിക്കുക എന്ന് മോഡറേറ്റർ നിബന്ധന വച്ചു. അങ്ങനെ സ്ഥാനമോഹത്തോടൊപ്പം ധനാർത്തിയും നിറഞ്ഞ ബിഷപ്പുമാർ ബിഷപ്പ് സ്ഥാന–അവരോഹണത്തിന് തയ്യാറായി. സി.എൻ.ഐയിൽ നിന്നും രണ്ടു ബിഷപ്പുമാരെ Pr.K.P. യോഹന്നാൻ കൂട്ടിക്കൊണ്ടുവന്നു. വലിയ പരസ്യങ്ങളില്ലാതെ പെട്ടെന്നൊരു ദിവസം ബിഷപ്പ് സ്ഥാനാരോഹണം (കൈവെയ്പ്പ്) നടത്തി. സി.എസ്.ഐ മോഡറേറ്ററുടെ നേതൃത്വത്തിൽ 4 ബിഷപ്പുമാരും കൈവയ്പ്പ് നടത്തി. Pr.K.P. യോഹന്നാൻ ബിഷപ്പ് കെ.പി.യോഹന്നാനായി മാറി. അതീവ രഹസ്യമായി ചെയ്യാനുദ്ദേശിച്ചിരുന്ന ഈ കാര്യം മലയാളത്തിലെ ഒരു പ്രമുഖ ദിനപ്പത്രത്തിലൂടെ വൻ പരസ്യമായി.


Most.Rev.K.J.SAMUEL (Rtd)

ഇത് സി.എസ്.ഐയുടെ ചട്ടങ്ങൾക്കെതിരായ പ്രവർത്തിയെന്ന് ഉടനെതന്നെ ചിലർ രംഗത്തു വന്നു. കൈവെപ്പിന് പ്രതിഫലമായി **പലകോടികൾ** കൈമിറഞ്ഞത് (മുമ്പ് ജാമക്കാരനിലും പ്രമുഖ പത്ര വാരികകളിലൂടെ വാർത്തകൾ വായിച്ചതിൽ നിന്ന്) നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ? പ്രമുഖ ഇംഗ്ലീഷ് ന്യൂസ്പേപ്പറിലും ഈ വിവരങ്ങൾ വന്നു. സി.എസ്.ഐയിലെ 24 ഡയോസിസുകളിലെ അച്ചന്മാരും വിശ്വാസികളും അമ്പരന്നു; ഞെട്ടി. നോർത്ത് കേരള ഡയോസിസ് ബിഷപ്പ് ആയിരുന്ന അന്തരിച്ച **ശ്രീ.ജോർജ് ഐസക്** അവർകൾ മാത്രം **തന്റെ പ്രതിഷേധം** പൊതുജനങ്ങൾക്കിടയിൽ പത്ര–മാധ്യമങ്ങളിലൂടെയും റ്റി.വികളിലൂടെയും അറിയിച്ചു. സിനഡിന്റെ മുൻകൂർ അനുവാദമില്ലാതെ ഇക്കാര്യം ചെയ്തതിനാൽ മോഡറേറ്റർ രാജിവയ്ക്കണ


Rt.Rev.George Isaac

മെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രശ്നപരിഹാരത്തിന് പലർ ശ്രമിച്ചെങ്കിലും തന്റെ ആവശ്യത്തിൽ ഉറച്ചുനിന്ന നോർത്ത് കേരള ബിഷപ്പ് ഒടുവിൽ തന്റെ പദവിയെ രാജിവച്ചു. അപ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട് **നോർത്ത് കേരള ബിഷപ്പ് ശ്രീ.ജോർജ് ഐസക്** അവർകൾ എന്നോട് പറഞ്ഞത് : **"നിമജ്ജനസ്നാനം ശരിയെന്ന് ബോധ്യമായവർ പെന്തകോസ്ത് സഭകളിൽച്ചെന്ന് സ്നാനമെടുക്കുമ്പോൾ അങ്ങനെയുള്ള വ്യക്തികളെ സി.എസ്.ഐ സഭകൾ Excommunicate ചെയ്യുന്നത് പതിവാണ്. ഒരു സാധാരണ വിശ്വാസിയെ ചെയ്യാകുറ്റത്തിന് ശിക്ഷിക്കുമ്പോൾ; ഈ വിശ്വാസം വച്ചുപുലർത്തുകയും അനേകരെ സ്നാനപ്പെടുത്തുകയും ചെയ്തുവരുന്ന ഒരു പാസ്റ്ററെ ബിഷപ്പാക്കിയത് ഏത് വിധത്തിലാണ് ശരി"** എന്നാണ്.


Bishop K.P.Yohannan Consecration

അന്ന് സി.എസ്.ഐ, സി.എൻ.ഐ ബിഷപ്പുമാർ ചെയ്ത കൈവെപ്പിലൂടെ ബിഷപ്പ് കെ.പി.യോഹന്നാൻ ആ പദവിയിൽ നിന്നു വളർന്നു വലുതായി (?) മെത്രാപ്പോലീത്ത ആയി മാറി.

## പുതിയ പ്രശ്നങ്ങൾ

സി.എസ്.ഐയിലെ മെമ്പർമാരായ ധാരാളം വിശ്വാസികൾ സി.എസ്.ഐയ്ക്കുള്ള വരിസംഖ്യകൾ എല്ലാം മുടക്കം കൂടാതെ നല്കിയശേഷം ബിലീവേഴ്സ് ചർച്ചിന്റെ ആരാധനയ്ക്കും യോഗങ്ങൾക്കും സംബന്ധിച്ചുവരുന്നു. ഈ രണ്ട് സഭകളിലെ വിശ്വാസികൾ തമ്മിൽ വിവാഹബന്ധങ്ങളിലും ഏർപ്പെട്ടുവരുന്നു.

മെട്രോപൊളിറ്റൻ കെ.പി.യോഹന്നാൻ അവർകൾ സി.എസ്.ഐയിലെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നത് സി.എസ്.ഐ മോഡറേറ്റർ ശ്രീ.തോമസ് കെ.ഉമ്മൻ അവർകൾക്കു അത്ര ഇഷ്ടപ്പെട്ടില്ല.

സി.എസ്.ഐ യോഗങ്ങൾക്കു ബിലീവേഴ്സ് ചർച്ചിന്റെ പ്രവർത്തകരെ ക്ഷണിക്കരുത് എന്നും, വിവാഹകാര്യങ്ങളിൽ അങ്ങോട്ടും ഇങ്ങോട്ടും ബന്ധങ്ങൾ പാടില്ല എന്നും, ഇതോടൊപ്പം **മറ്റു ചില കാര്യങ്ങൾ** മനസ്സിൽ വച്ച് "മെട്രോപൊളിറ്റൻ കെ.പിയെ സി.എസ്.ഐയെ അംഗീകരിക്കുന്നില്ല" എന്ന ഒരു പടക്കം എറിഞ്ഞുനോക്കി.

ഒരു നനഞ്ഞ പടക്കമായി മാറിപ്പോകേണ്ടിയിരുന്ന ആ പടക്കത്തെ ഒരു അഭിമാനപ്രശ്നമായി ബിലീവേഴ്സ് ചർച്ച് കണ്ടു. വായ്മൊഴിക്കായി വന്ന മുടക്കങ്ങൾ വരമൊഴിയായും വരാൻ തുടങ്ങിയപ്പോൾ കോടതിയുടെ പടികൾ കയറുന്ന സ്ഥിതിലേയ്ക്കു എത്തിച്ചേർന്നിരിക്കുന്നു.

**ജാമക്കാരൻ കുറിപ്പ് :**

അന്നത്തെ സി.എസ്.ഐ ബിഷപ്പുമാർ ചെയ്തതിലെ അപാകതകൾ തിരുത്താൻ ഇപ്പോഴത്തെ മോഡറേറ്റർ എടുക്കുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. വിവേകത്തോടും, പ്രാർത്ഥനയോടും ക്രിസ്തീയ സഭകൾ ലോകജനതകളുടെ മുമ്പിൽ സ്വയം അപഹാസ്യമാകാത്ത രീതിയിൽ കൈകാര്യം ചെയ്യാനുള്ള ജ്ഞാനം രണ്ടു സഭാനേതൃത്വത്തിനുണ്ടാകാൻ പ്രാർത്ഥിക്കുന്നു. ഈ വിഷയവുമായി കടുത്ത നടപടികൾ സ്വീകരിക്കാൻ സി.എസ്.ഐ ശ്രമിച്ചാൽ, ഇപ്പോൾത്തന്നെ പ്രശ്നങ്ങളുടെ ചുഴിയിൽ അകപ്പെട്ടു കിടക്കുന്ന സി.എസ്.ഐയുടെ സ്ഥിതി ഇനിയും വഷളാക്കാനേ ഉപകരിക്കൂ. **കാരണം ഇതിൽ ആദ്യം തെറ്റ് ചെയ്തത് സി.എസ്.ഐ ബിഷപ്പുമാർ എന്നത് മറക്കരുത്!!.**

❖❖❖❖❖❖❖❖❖❖❖❖❖❖❖

## READERS LETTER

Dear Brother in Christ, Greetings to u in the precious Name of our Lord Jesus Christ. We have been going thru yr Jamakaran issues and offering our views: It is heartening to note that u have taken up a great task of reformation of the CSI by putting lot of sincere efforts, inspite of severe opposition/ dangers, similar to the reformation acts of Dr Martin Luther 500 yrs ago. We appreciate yr wonderful service to CSI and assure u that we will all stand by yr side and fully support yr action in this regard. With best wishes and prayers for yr good health and long life. Kindest regards.

- J Nelson, BLR.560076

# കന്യാകുമാരി ഡയോസിസ്

കന്യാകുമാരി ഡയോസിസിന് കീഴിലുള്ള നെയ്യാർ ഡിസ്ട്രിക്റ്റ് ചർച്ച് ക്രമീകരിച്ചിരുന്ന സ്ത്രീജനസഖ്യത്തിന്റെ ഒരു ദിവസത്തെ പ്രത്യേക യോഗത്തിന് എന്നെ ക്ഷണിച്ചിരുന്നു. വചനാടിസ്ഥാനത്തിൽ സ്ത്രീകളുടെ സ്ഥാനം, പങ്ക്, പ്രവർത്തികൾ എന്നിവയെ ആസ്പദമാക്കി സന്ദേശം നല്കി. യോഗത്തിന് ഡിസ്ട്രിക്റ്റ് ചെയർമാൻ **റവ.സഹായം** അവർകൾ അധ്യക്ഷത വഹിച്ചു. ഡിസ്ട്രിക്റ്റ് ചെയർമാന്റെ ഭാര്യ യോഗത്തെ നന്നായി ക്രമീകരിച്ചിരുന്നു. കടന്നുവന്ന ഏവരും അനുഗ്രഹം പ്രാപിച്ചു. കർത്താവിന് മഹത്വമുണ്ടാകട്ടെ.

# SRILANKA (TRINCOMALEE) MINISTRIES - 2018

ജനുവരി മാസം 8,9 & 10 എന്നീ തിയതികളിൽ ട്രികോണമലൈയിൽ യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

വിവരങ്ങൾക്ക് :

Evg.Muraleedharan - 0094 7731 01405 / 0094 7522 28163

# CSI SOUTH KERALA DIOCESE

## Paraniyam CSI Church Annual Convention






തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളത്തിനടുത്തുള്ള പരണിയം എന്ന സ്ഥലത്തുള്ള സി.എസ്.ഐ സഭ ക്രമീകരിച്ച കൺവെൻഷൻ യോഗങ്ങൾ വളരെ നന്നായി നടന്നു. Rev.Ebenezer, Rev.Loues, Rev.Prabhakar, Rev.Siby എന്നിവർ ഓരോ നാളും യോഗങ്ങൾക്കു നേതൃത്വം നല്കി.

ഡിസ്ട്രിക്റ്റ് ചെയർമാൻ Rev.Sathya Santhosh Kumar അവൾകൾ പ്രാർത്ഥിക്കുന്ന ഒരു ശുശ്രൂഷകനാണ്. യോഗം മുഴുവൻ പ്രാർത്ഥനാ ചൈതന്യം നന്നായി അനുഭവിക്കാൻ കഴിഞ്ഞു. നല്ല മഴക്കാലമായിരുന്നിട്ടും യോഗങ്ങൾ തുടങ്ങുന്നതിന് മുമ്പും യോഗങ്ങൾ ഓരോ നാളും അവസാനിച്ച്, അവസാന വിശ്വാസിയും വീട്ടിൽ ചെന്നശേഷം മഴകൾ ചെയ്തത് ദേശത്ത് വലിയ സാക്ഷ്യമായി. യോഗങ്ങളിലുടനീളം അടയാളങ്ങളിലൂടെ ദൈവം തന്റെ വചനം ഉറപ്പിച്ചു. വിദൂരപ്രദേശങ്ങളിൽ നിന്നും ധാരാളം പേർ കടന്നുവന്നു അനുഗ്രഹം പ്രാപിച്ചു. ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ.

## ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ അവതാരജനനം, മരണം, അടക്കം, ഉയിർത്തെഴുന്നേല്പ്, ഇന്നും ജീവനോടിരുന്നുള്ള പ്രവൃത്തി, ഇനി മടങ്ങിവരവ്....

വീണ്ടും ജനിച്ച യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച ദൈവപൈതലിന് ഓരോ സെക്കന്റും, ഓരോ മണിക്കൂറും, ഓരോ ദിവസവും കർത്താവിലുള്ള സന്തോഷവും കർത്താവ് അവതാരമായിപിറന്ന ക്രിസ്തുവിന്റെ ആവേശവും; തന്റെ പാപത്തിന് പരിഹരമായ കാൽവറിയിലെ ബലി യുടെ തിരുഓർമ്മകളും അനുനിമിഷവും നടത്തുന്ന നന്ദി മടങ്ങിവരവിന്റെ പ്രത്യാശയും നിരഞ്ഞുകൊ ണ്ടേയിരിക്കും. വീണ്ടും ജനിക്കാത്ത ആരായിരുന്നാലും ഏതു സഭയിൽ അംഗമായിരുന്നാലും സന്തോ ഷവും സമാധാനവും ഉണ്ടായിരിക്കുന്നതല്ല.

ഇതാണ് ഈ ക്രിസ്മസിലുള്ള ജാമക്കാരൻ ആശംസ. സന്തോഷമായിരിക്കുവിൻ എന്ന് വീണ്ടും വീണ്ടും ഞാൻ ഉപദേശിക്കുന്നു (ഫിലി 4:4).


DECEMBER 2017

Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.